വാർഷിക വരിസംഖ്യ 100 രൂപ

# നിയോഗം

Reg.No. E-3884/05/K.Div.

ബ്രദറൺ വാർത്താ പത്രിക

പുസ്തകം 10, ലക്കം 1 2012 ജനുവരി 5

ഉൾപ്പേജുകളിൽ...

ആത്മീക വളർച്ച നേടുക 3
പഞ്ചശീലങ്ങളാൽ... 4
പിന്നിട്ട വർഷത്തിലേക്കൊരു തിരനോട്ടം 5
എരുമേലി സഭാഹാളിലേക്കുള്ള വഴി... 6
സമരരംഗത്തുനിന്നും... 7
വാർത്തകൾ 8

# കുമ്പനാട് കൺവൻഷൻ അനുഗ്രഹകരമായി സമാപിച്ചു

**കുമ്പനാട്:** 109–ാ മത് ബ്രദറൺ ജനറൽ കൺവൻഷൻ അനുഗ്രഹകരമായി സമാപിച്ചു. ഡിസംബർ 25 മുതൽ ജനുവരി 1 വരെ കുമ്പനാട് കൺവൻഷൻ ഗ്രൗണ്ടിൽ നടന്ന ആത്മീക സംഗമത്തിൽ ഡോ. ഒ.എം. സാമുവേൽ, എം.എം. സഖറിയ, ചാണ്ടപിള്ള ഫിലിപ്പ്, ജോസ് മാത്യൂസ്, ജോൺ പി. തോമസ്, വർഗ്ഗീസ് കുര്യൻ, ടി.ജി. ബെന്നി, സാമുവേൽ ബി. തോമസ് എന്നീ കർത്തൃദാസന്മാർ വചന ശുശ്രൂഷ നിർവ്വഹിച്ചു.

128 ബ്രദറൺ സഭകളുടെ ഐക്യസംരംഭമാണ് ഈ കൺവൻഷൻ. കേരളത്തിലെ ഒട്ടേറെ സ്ഥലം സഭകളിൽ നിന്നും വിദേശത്തുനിന്നുമുള്ള മലയാളികളായ അനേകം സഹോദരി സഹോദരന്മാരും പങ്കെടുത്തു. ചിതറിപ്പാർക്കുന്ന ദൈവജനത്തിന് ഒന്നിച്ചുകൂടുവാനും തങ്ങളുടെ സ്നേഹവും ബന്ധവും പുതുക്കുവാനും ഇത് അവസരം നൽകുന്നു.

ആത്മാക്കളുടെ രക്ഷയേക്കാൾ വിശ്വാസികളുടെ ആത്മീക വർദ്ധനവിന് പ്രാമുഖ്യം നൽകുന്ന സന്ദേശങ്ങൾ പന്തലിൽ മുഴങ്ങി. സ്വയം സമർപ്പണത്തിനും പുന:പരിശോധനകൾക്കും വഴിതുറക്കുന്നതായിരുന്നു മിക്ക സന്ദേശങ്ങളും.

ഡോ. ഒ.എം. സാമുവേലിന്റെ ദിവ്യരഹസ്യങ്ങൾ എന്ന വിഷയത്തെ അടിസ്ഥാനമാക്കിയുള്ള ബൈബിൾ ക്ലാസ്സുകൾ വളരെ ഫലപ്രദമായിരുന്നു. സുവിശേഷകന്മാരുടെ സമ്മേളനം, സോദരി സമാജം, മിഷനറി മീറ്റിംഗ്, കുടുംബസംഗമം, ബാലസംഘത്തിന്റെ ചുമതലയിൽ കുട്ടികൾക്കായുള്ള സമ്മേളനം തുടങ്ങിയ ശുശ്രൂഷകൾ എല്ലാം പകൽ യോഗങ്ങളെ അനുഗ്രഹമാക്കി.

കൺവൻഷൻ കമ്മറ്റിയുടെ ചുമതലയിൽ കുമ്പനാടും പരിസരങ്ങളിലും ഒരാഴ്ചയോളം പരസ്യ യോഗങ്ങൾ നടത്തപ്പെട്ടു. സാമുവേൽ ടി. ഫിലിപ്പിന്റെ നേതൃത്വത്തിൽ പത്തോളം സഹോദരന്മാർ ഗാനശുശ്രൂഷ നിർവ്വഹിച്ചു.




സുവിശേഷകൻ ചാണ്ടപ്പിള്ള ഫിലിപ്പ് സമാപനസന്ദേശം നൽകുന്നു.






photo: kurian k. thomas

ജനുവരി 1 ന് നടന്ന സംയുക്ത സഭായോഗത്തോടെ ഇത്തവണത്തെ കൺവൻഷൻ സമാപിച്ചു. ബ്രദർ ചാണ്ടപിള്ള ഫിലിപ്പ് സമാപന സന്ദേശം നൽകി. നെഹമ്യാവിന്റെ 8,9 അദ്ധ്യായങ്ങളെ ആധാരമാക്കി പ്രവാസത്തിൽ നിന്നും മടങ്ങി എത്തിയ യഹൂദ ജനത്തിന് ന്യായപ്രമാണ പാരായണത്തിലൂടെ ഉണ്ടായ വിപ്ലവകരമായ ഉണർവ്വിനെക്കുറിച്ച് വിവരിച്ചു. വചനത്തെ ബഹുമാനിക്കുവാനും ദൈവജനത്തിന്റെയും ആത്മീക നേതൃത്വത്തിന്റെയും ഐക്യത സൂക്ഷിക്കുവാനും (എസ്രാ. 3:1,9) താൻ ആഹ്വാനം നൽകി. നൂറുകണക്കിന് വിശ്വാസികൾ സഭായോഗത്തിൽ പങ്കെടുത്തു.

കൺവീനർ ബ്രദർ പി.ഇ. സാംകുട്ടിയുടെ നേതൃത്വത്തിൽ നൂറിൽ പരം സഹോദരന്മാരുടെ അക്ഷീണ പരിശ്രമം കൺവൻഷന്റെ അനുഗ്രഹത്തിന് പ്രധാനകാരണമായിരുന്നു. വചന വിരുന്നിന്റെ ആഴ്ചവട്ടം പിന്നിട്ടെങ്കിലും ഹൃദയങ്ങളിൽ ആത്മീക ആവേശം കെട്ടുപോകാതിരിപ്പാൻ പ്രാർത്ഥിക്കാം. ഏറ്റുവാങ്ങിയ വചനത്തോട് പുതുവർഷത്തിൽ നീതിപുലർത്താം. അടുത്തവർഷവും ഇങ്ങനെയൊരു കൺവൻഷനും സമ്മേളനവും ഉണ്ടാകുമോ എന്ന് ആരറിഞ്ഞു. നമ്മുടെ കർത്താവിന്റെ വരവ് വാതിൽക്കൽ തന്നെ... പ്രത്യാശയോടും പുതുക്കത്തോടും കൂടെ ജീവിക്കുവാൻ കഴിഞ്ഞ കൺവൻഷൻ മുഖാന്തരമായെങ്കിൽ !



കുമ്പനാട് കൺവൻഷനോട് ബന്ധപ്പെട്ടു നടന്ന ഗോസപ്പൽ വർക്കേഴ്സ് മീറ്റിംഗിൽ പങ്കെടുത്തവർ

# പുതുവത്സരാശംസകൾ...

എഡിറ്റോറിയൽ



## ശക്തിയെ പുതുക്കുക...

**സാ**മ്പത്തിക പ്രതിസന്ധിയുടെ ഉത്കണ്ഠകൾ ബാക്കിവെച്ച് 2011 കടന്നുപോയി. വികസിത രാജ്യങ്ങൾപോലും സാമ്പത്തിക നിലപാടുകൾ പുന:പരിശോധിച്ചുകൊണ്ടിരിക്കുന്നു. ലോക സമ്പദ് വ്യവസ്ഥിതിയെ നിയന്ത്രിക്കുന്ന അമേരിക്ക പിടിവിട്ട പട്ടംപോലെ കാറ്റിൽ അലഞ്ഞ് ഉലയുന്നു. ലോകത്തിലെ സമ്പന്നരാജ്യങ്ങൾ തകർച്ചയുടെ കിതപ്പ് ഏറ്റുവാങ്ങിക്കൊണ്ട് മാറ്റത്തിനായ് കാത്തിരിക്കുന്നു.

ലോകം മാറ്റത്തിനായ് കാത്തിരിക്കുമ്പോൾ ദൈവജനവും സമൂലമായ പരിവർത്തനത്തിന് വിധേയപ്പെടണം. പതിവ് ജീവിത ശൈലി, പ്രസംഗങ്ങൾ, പ്രവർത്തനങ്ങൾ ഈ കാര്യങ്ങളിലെല്ലാം മാറ്റത്തിന് തയ്യാറാകാതെ വിരസത അനുഭവിക്കുന്നു. കൺവൻഷൻ വേദികളിലേക്ക് നോക്കുമ്പോൾ പതിവ് പ്രസംഗങ്ങൾ, പ്രവർത്തനങ്ങൾ ഇവയൊക്കെ ശ്രോതാക്കൾക്ക് വിരസത ഉളവാക്കുന്നു എന്നത് പ്രസംഗകർ മനസ്സിലാക്കുന്നില്ല. ജീവിതത്തെ വിലയിരുത്തുമ്പോൾ പതിവ് ജീവിത ശൈലി ഒരു നിലയിലും മാറ്റത്തിന് തയ്യാറാവുന്നില്ല. മാറിയ രാഷ്ട്രീയ – സാംസ്ക്കാരിക – മതപരമായ സാഹചര്യത്തിൽ സുവിശേഷ പ്രവർത്തനത്തിന് കാലികമായ മാറ്റങ്ങൾ വന്നേ മതിയാവൂ. കഴിഞ്ഞുപോയ സംവത്സരത്തിന്റെ ജീർണ്ണതകൾ, പരാജയങ്ങൾ, എല്ലാം ഒരു വിലയിരുത്തലിലൂടെ തെറ്റും ശരിയും മനസ്സിലാക്കുവാൻ ഇടയാകും. കുഴപ്പങ്ങൾ എവിടെയാണെന്ന് കണ്ടുപിടിച്ചാൽ അതിൽ തന്നെ തുടരുവാൻ ഇടയാകരുത്. അത് വിജയത്തിന്റെയും പുരോഗമനത്തിന്റെയും വഴി അടച്ചുകളയുന്നു. പരാജയത്തെ ഓർത്ത് വിലപിക്കുന്ന് മതിയാക്കുക. വിജയത്തിനായ് കുതിക്കുക. സമാധാനത്തിനും സന്തോഷത്തിനും ആത്മീക ഉന്നമനത്തിനുമായി പുതുവർഷത്തെ വരവേൽക്കുക.

പ്രപഞ്ച സൃഷ്ടാവായ ദൈവം ഗതിവിഗതികളെ നിയന്ത്രിക്കുന്നു. ദൈവീക നിയന്ത്രണത്തിന് അതീതമായി ഇവിടെയൊന്നും സംഭവിക്കുന്നില്ല. പ്രവാചകനായ യെശയ്യാവ് വിളിച്ചുപറയുന്നു "നിനക്ക് അറിഞ്ഞു കൂടെയോ? നീ കേട്ടിട്ടില്ലയോ, യഹോവ നിത്യദൈവം; ഭൂമിയുടെ അറുതികളെ സൃഷ്ടിച്ചവൻ തന്നെ; അവൻ ക്ഷീണിക്കുന്നില്ല തളർന്നുപോകുന്നതുമില്ല. അവന്റെ ബുദ്ധി അപ്രമേയമത്രെ" (യെശ. 40:28). "... ബാല്യക്കാർ ക്ഷീണിച്ചു തളർന്നുപോകും യൗവ്വനക്കാരും ഇടറി വീഴും എങ്കിലും യഹോവയ്ക്കായി കാത്തിരിക്കുന്നവർ ശക്തിയെ പുതുക്കും..." ചുറ്റുപാടുകളെ നോക്കുമ്പോൾ എല്ലാം തകിടം മറിയും എന്ന് തോന്നാം. എങ്കിലും ദൈവീക ശക്തി പ്രാപിക്കുവാൻ പുതുക്കത്തിന്റെ അനുഭവം ഉണ്ടാകുവാൻ തങ്ങളെ തന്നെ ദൈവഹിതത്തിന് കീഴ്പ്പെടുത്തുക. എങ്കിൽ മാത്രമെ ശക്തിയെ പുതുക്കുവാനും ദൈവസാന്നിദ്ധ്യത്തോട് അടുക്കുവാനും സാധിക്കുകയുള്ളു. പുതുവത്സരത്തിൽ വായനക്കാർക്ക് അതിന് ഇടയാകട്ടെ.

**ഇവാ. എം.വി. ബാബു**

## പ്രെഷ്യസ് ലൈഫ് മിനിസ്ട്രീസ്

### ഗോസ്പൽ ക്യാമ്പയിൽ

**തൂക്കുപാലം:** 2011 ഡിസംബർ 21–23 തീയതികളിൽ തൂക്കുപാലം ബ്രദറൺ സഭയുടെ ആഭിമുഖ്യത്തിലും പ്രെഷ്യസ് ലൈഫ് മിനിസ്ട്രിയുടെ സഹകരണത്തിലും ഗോസ്പൽ ക്യാമ്പയിൻ നടന്നു. തൂക്കുപാലം, മുണ്ടിയെരുമ, ആനക്കല്ല്, ചോറ്റുപടി, സന്യാസിയോട, തേഡ് ക്യാമ്പ്, ബാലഗ്രാം, പത്ത് വളവ് പുഷ്പക്കണ്ടം തുടങ്ങിയ സ്ഥലങ്ങളിൽ സുവിശേഷ പ്രവർത്തനങ്ങളും പരസ്യ യോഗങ്ങളും നടന്നു. സഹോദരന്മാരായ ലാലു വി. ഏബ്രഹാം, എം.വി. ബാബു, എം.കെ. ജെയിംസ്, വി.എം. പോൾ, എം.കെ. സണ്ണി, സന്തോഷ്കുമാർ, അജി ഫിലിപ്പ്, രാജൻ മാത്യു, സജീവൻ തുടങ്ങിയവർ ക്യാമ്പിൽ പങ്കെടുത്തു. അനുഗ്രഹീത ഗായകർ ബാബു കൊട്ടാരക്കരയും സജീവനും മനോഹരമായ ഗാനങ്ങൾ ആലപിച്ചു.

## നല്ല ഇടയൻ മിനിസ്ട്രീസ്

**പുളിയംകുടി:** നല്ല ഇടയൻ മിനിസ്ട്രിയുടെ ചുമതലയിൽ നടന്നുവരുന്ന ബഥേൽ ചിൽഡ്രൻസ് ഹോം പ്രവർത്തനങ്ങൾ അനുഗ്രഹകരമായി നടക്കുന്നു. പുളിയംകുടിയിലും ചുറ്റുപാടുമുള്ളഗ്രാമങ്ങളിലും സുവിശേഷീകരണം ഊർജ്ജിതമായി നടക്കുന്നു. പത്ത് സുവിശേഷകന്മാർ ഈ സ്ഥലങ്ങളിൽ നിന്ന് പ്രവർത്തിക്കുന്നു. സുവിശേഷകന്മാരായ ചിന്നരാജ്, ഫിലിപ്പ്കുട്ടി, ജോൺ കെന്നഡി തുടങ്ങിയവരുടെ നേതൃത്വത്തിലാണ് പ്രവർത്തനങ്ങൾ നടക്കുന്നത്. ക്രിസ്തീയ ഫിലിം മിനിസ്ട്രിയും പരസ്യ യോഗങ്ങളും ഫലപ്രദമായി നടന്നുവരുന്നു. 2011 ഡിസംബർ 24 ശനിയാഴ്ച ഏഴുപേർ കർത്താവിനെ ജലത്തിൽ സാക്ഷിച്ചു. 25 ഞായറാഴ്ച നടന്ന പ്രത്യേക യോഗത്തിൽ നൂറോളം പേർ പങ്കെടുത്തു. ഈ പ്രവർത്തനത്തെ ഓർത്ത് പ്രാർത്ഥിക്കുക.

# ആഗോളപരമായി ക്രൈസ്തവ പീഢനം

## സുവിശേഷകന്റെ വധശിക്ഷ ഒഴിവാക്കുക....

– ഹില്ലരി ക്ലിന്റൻ

വാഷിംഗ്ടൺ: കഴിഞ്ഞ രണ്ട് വർഷങ്ങളായി വധശിക്ഷക്ക് വിധിക്കപ്പെട്ട് ഇറാനിയൻ ജയിലിൽ കഴിയുന്ന പാസ്റ്റർ യൂസഫ് നദാർക്കനിയെ (34) വിട്ടയക്കണമെന്ന് അമേരിക്കൻ വിദേശകാര്യ സെക്രട്ടറി ഹില്ലരി ക്ലിന്റൻ ആവശ്യപ്പെട്ടു. രണ്ടുലക്ഷത്തോളം അമേരിക്കക്കാർ ഒപ്പിട്ടു നൽകിയ പരാതിസ്വീകരിച്ചുകൊണ്ടാണ് അവർ ഇങ്ങനെ പ്രസ്താവിച്ചത്. നദാർക്കനിയുൾപ്പെടെ ജയിലിൽ കഴിയുന്ന സകല ക്രിസ്ത്യാനികളെയും മന:സാക്ഷിപരമായി നിരുപാധികം വിട്ടയക്കണമെന്ന് അവർ ആവശ്യപ്പെട്ടു.

ക്രിസ്തു വിശ്വാസം വെടിഞ്ഞാൽ നിരുപാധികം വിട്ടയക്കാം എന്ന വാഗ്ദാനം തള്ളിക്കളഞ്ഞുകൊണ്ട് ക്രിസ്തുവിനുവേണ്ടി മരിക്കുവാൻ തയ്യാറാണ് എന്ന് പ്രസ്താവിച്ചുകൊണ്ട് രണ്ടു വർഷത്തോളമായി ഭാര്യയെയോ, രണ്ടു കുഞ്ഞുങ്ങളെയോ കാണുവാൻ കഴിയാതെ ജയിലിൽ കഴിയുകയാണ്.



നദാർക്കനിയും ഭാര്യയും

# സൗദി അറേബ്യയിൽ ക്രിസ്ത്യാനികൾ അറസ്റ്റിൽ

**ജിദ്ദ:** എത്യോപ്യക്കാരായ 42 ക്രിസ്ത്യാനികളെ സൗദിപോലീസ് അറസ്റ്റു ചെയ്തതായി വാർത്ത. ജിദ്ദയിലെ അൽ റു സാഫാ ജില്ലയിൽ പ്രാർത്ഥന നടന്നുകൊണ്ടിരുന്ന വീട് പോലീസും സെക്യൂരിറ്റി ഓഫീസറന്മാരും ചേർന്ന് റെയ്ഡ് ചെയ്യുകയായിരുന്നു. സൗദിയിലെ വിദേശികളിൽ ഭൂരിഭാഗവും വിവിധ രാജ്യങ്ങളിൽ നിന്നുമുള്ള ക്രിസ്ത്യാനികളാണ്. തങ്ങളുടെ രാജ്യത്തിൽ പ്രവർത്തിക്കുന്നവരായ മറ്റുള്ളവരുടെ വിശ്വാസപരമായ കാര്യങ്ങൾക്ക് സ്വാതന്ത്ര്യം അനുവദിക്കാത്തത് അനേകരിൽ അസ്വസ്ഥത ഉളവാക്കിയിട്ടുണ്ട്. ബൈബിളും മറ്റും നിരോധന പട്ടികയിലുള്ള പുസ്തകമാണ്. തങ്ങളുടെ സ്വകാര്യ ഇടങ്ങളിലെങ്കിലും ആത്മീക കാര്യങ്ങൾക്ക് അനുവാദം നൽകണമെന്ന് പശ്ചിമേഷ്യയിലെ ഐ.സി.സി. റീജിണൽ മാനേജർ എയ്ഡൻ ക്ലേ ആവശ്യപ്പെട്ടു.

# ലാവോസിൽ 200 ക്രിസ്ത്യാനികൾ അറസ്റ്റിൽ

ഏഷ്യൻ രാജ്യമായ ലാവോസിന്റെ തലസ്ഥാനത്ത് ക്രിസ്തീയ നേതൃത്വത്തിലുള്ള എട്ടുപേർ അടക്കം 200 പേരോളം ജയിലിൽ അടയ്ക്കപ്പെട്ടു. 60 ലക്ഷത്തോളം വരുന്ന ജനങ്ങളിൽ ഭൂരിഭാഗവും കമ്മ്യൂണിസ്റ്റുകളായ ബുദ്ധമതക്കാരാണ്. ഒരു ശതമാനത്തിൽ താഴെമാത്രമാണ് ഇവിടെ ക്രിസ്ത്യാനികൾ ഉള്ളത്.

# സോദരീസമാജം കല്ലിശ്ശേരി സെന്റർ

അടുത്ത സമ്മേളനം 2012 ജനുവരി 13 വെള്ളിയാഴ്ച നിരണം സഭയുടെ ചുമതലയിൽ നടത്തുവാൻ ആഗ്രഹിക്കുന്നു. സഹോദരിമാർ പ്രാർത്ഥനാപൂർവ്വം വന്നു ചേരണം എന്ന് താല്പര്യപ്പെടുന്നു.

ക്രിസ്തുവിൽ സഹോദരി **മോളി ബാബു** (സെക്രട്ടറി) ഫോൺ : 9495924260

*വഴി : പരുമലകടവിൽ നിന്നും സൈക്കിൾമുക്ക് വഴി തേവേരിൽ ജംഗ്ഷനിൽ എത്തി അവിടെ നിന്നും ഒരു കി.മി. പോയാൽ നിരണം വെസ്റ്റിലാണ് സഭാഹാൾ.*

നിയോഗം

| | |
|---|---|
| Chief Editor | - M.V. Babu |
| Editor | - Molly Babu |
| Managing Editor | - P.O. Samuel |
| Associate Editor's | - Shajahan V. Hassan |
| | - Titus Samuel |
| | - S. Sanjivi |
| U.S. Co-ordianator | - Rajan Thomas NY 914 347 2696 |
| Editorial Board | |
| Mathew Cherian | - TX 281 487 1683 |
| Roy Varghese | - GA 770 755 5345 |
| George Samuel | - Houston |
| Advisory Board | |
| P.A. Philip | - Doha |
| P.T. Philip | - Houston |
| M.V. Sunny | - Dubai |
| Geevarghese Thankachan | - NJ |

Editing, Layout & Design
Puthethu Offset, Kallissery. 0479 2426561
desing: rajeshprasadam@gmail.com

"സ്നേഹത്തിൽ സത്യം സംസാരിച്ചുകൊണ്ട്"

നിയോഗം വിശ്വാസത്തിന്റെ കാൽവയ്പാണ്. ഈ ശുശ്രൂഷയെ പ്രാർത്ഥനയിൽ ഓർക്കുകയും നിങ്ങളുടെ പ്രതികരണങ്ങൾ അറിയിക്കുകയും ചെയ്യുക. **വാർഷിക വരിസംഖ്യ 100 രൂപ (ഇന്ത്യ), 25 ഡോളർ (യു. എസ്. എ), 500 രൂപ (ഗൾഫ്)**

**വിദേശരാജ്യങ്ങളിലേക്കുള്ള തപാൽ ചാർജ് ക്രമാതീതമായി വർദ്ധിച്ചിരിക്കുന്നതിനാൽ വരിക്കാർ വരിസംഖ്യയും സംഭാവനകളും അയച്ചുതന്ന് സഹകരിക്കുമല്ലോ**

**വാർത്തകൾ, രചനകൾ, കത്തുകൾ, വരിസംഖ്യ, വിലാസമാറ്റം,**

**എന്നിവ അയയ്ക്കേണ്ട വിലാസം**

**M.V. BABU, NIYOGAM, KALLISSERY
P.O, KERALA - 689 124
PH:0479-2426084, 9447124260
E-mail: niyogampatram@gmail.com**

**മാസിക ആവശ്യമുള്ളവർ E-mail ചെയ്യുക**

# ആത്മീയ വളർച്ച നേടുക

റ്റി. കെ. പീറ്റർ

**1 പത്രോസ് 2:1,2**

നമ്മുടെ ക്രിസ്തീയജീവിത വളർച്ചക്ക് തടസ്സമായി നിൽക്കുന്ന പല കാര്യങ്ങൾ ഉണ്ട്. അവയിൽ ചിലതാണ് വി. പത്രോസ് ഇവിടെ ചൂണ്ടിക്കാണിക്കുന്നത്. അവ ഓരോന്നും എടുത്ത് നോക്കിയാൽ പാപത്തിന്റെ പട്ടികയിൽ വരുന്ന കാര്യങ്ങളാണെന്ന് കാണുവാൻ സാധിക്കും മർക്കോ. 7:21. അവയെ നിശ്ശേഷം നീക്കിക്കളയണം എങ്കിൽ മാത്രമെ ആത്മീയ വളർച്ച പ്രാപിപ്പാൻ കഴിയുകയുള്ളൂ.

**ഒന്ന് : ദുഷ്ടത**

ദുഷ്ടന് മാത്രമെ ദുഷ്ടത പ്രവർത്തിപ്പാൻ കഴിയുകയുള്ളു. പഴയനിയമ കഥാപാത്രങ്ങളിൽ പ്രഥമസ്ഥാനത്ത് നിൽക്കുന്നത് അഹസ്യാരാജാവിന്റെ അമ്മയായ അഥല്യയാണ്. "ദുഷ്ടത പ്രവർത്തിപ്പാൻ അവന്റെ അമ്മ അവന്ന് ആലോചനക്കാരത്തിയായിരുന്നു എന്ന് കാണുന്നു 2 ദിന.22:3 തന്റെ മകനെക്കൊണ്ട് ആകുന്നേടത്തോളം ദുഷ്ടത പ്രവർത്തിപ്പിക്കുകയെന്നുള്ളതായിരുന്നു അവളുടെ ലക്ഷ്യം. അഹസ്യാവ് ആഹാബിന്റെ മാർഗ്ഗങ്ങളാണ് സ്വീകരിച്ചുപോന്നത്. അതിന്ന് വളരെയധികം സഹായിയായിരുന്നു അഥല്യ. തന്റെ മകൻ (യേഹുമൂലം) മരിച്ചുപോയെന്ന് കേട്ടപ്പോൾ യെഹൂദരാജസന്തതിയെയൊക്കെയും അവൾ ഉന്മൂലനം ചെയ്തു. തനിക്ക് ദുഷ്ടത പ്രവർത്തിച്ചുകൊണ്ട് സ്വയം വാഴ്ച നടത്തുവാനാണ് അവൾ അങ്ങനെ ചെയ്തത്. 2ദിന. 22:10-11. ഇത്തരുണത്തിൽ കൊല്ലപ്പെടുന്ന രാജകുമാരന്മാരുടെ ഇടയിൽ നിന്ന് യഹോശെബത്ത് രാജകുമാരി യോവാശ് രാജകുമാരനെ മോഷ്ടിച്ചെടുത്ത് ആറു സംവത്സരം ദൈവാലയത്തിൽ ഒളിപ്പിക്കുകയും (വാ. 11, 12) ഏഴാം സംവത്സരത്തിൽ രാജാവായിട്ട് വാഴിക്കയുമാണ് ചെയ്തത് (23:11). ഏഴാമത്തെ വയസ്സിൽ ഒരാൾ രാജാവായിത്തീരാൻ കാരണക്കാരി അഹല്യയാണ്. ഇതിന്നിടെ അവൾ കൊല്ലപ്പെടുകയും ചെയ്തു.

ദാവീദും തന്റെ ഭൃത്യന്മാരും നാബാലിന്ന് വളരെ സഹായം ചെയ്തുപോന്നു. 1 ശമു. 25:7, 8. ദാവീദ് വളരെ വിഷമിച്ച ഒരു സന്ദർഭത്തിൽ തന്റെ ഭൃത്യന്മാരെ സഹായാഭ്യർത്ഥനയുമായി നാബാലിന്റെ അടുക്കൽ പറഞ്ഞയച്ചു. എന്നിട്ടിപ്രകാരം പറഞ്ഞു. "നിന്റെ കയ്യിൽ വരുന്നത് അടിയങ്ങൾക്കും നിന്റെ മകനായ ദാവീദിനും തരേണമേ"യെന്ന് പറയിച്ചു (25:8). അതിന്ന് ദാവീദിന് ലഭിച്ച മറുപടിയാണ് 10, 11, 12 വാക്യങ്ങളിൽ രേഖപ്പെടുത്തിയിരിക്കുന്നത്. ദാവീദിനേയും തന്റെ ഭൃത്യന്മാരേയും അവഹേളിച്ചുകൊണ്ടുള്ള മറുപടിയായിരുന്നു അത്. നാബാൽ നിഷ്ഠൂരനും ദുഷ്കർമ്മിയും ആയിരുന്നുവെന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത് (25:3). ഒരു ദുഷ്കർമ്മിക്ക് സൽക്കർമ്മം ചെയ്യാനാകുമോ? ഒരിക്കലുമില്ല. ഇദ്ദേഹം കാലേബ് വംശക്കാരനാണെന്ന് കാണുന്നു; പക്ഷെ അത്തരം സ്വഭാവമൊന്നും മഹാധനികനായ നാബാലിനില്ല. തന്റെ ഭാര്യ അബിഗയിലിന്നും അവനൊരു കുരിശാണ് (25:25) അവളുടെ വിവേകമാണ് ദാവീദിന്റെ വാളിങ്കൽ നിന്നും തങ്ങളുടെ കുടുംബത്തെ രക്ഷിച്ചത്. ദുഷ്ടതപ്രവർത്തിക്കുന്നവരെ ദൈവം എന്തു ചെയ്യുമെന്ന് മുപ്പത്തിയെട്ടാം വാക്യത്തിൽ ദാവീദ് പറയുന്നു. പത്ത് ദിവസം കഴിഞ്ഞപ്പോൾ യഹോവ അവനെ ബാധിക്കുകയും തൽക്ഷണം മൃതിയടയുകയും ചെയ്തു. ദുഷ്ടനെ പഴയ പുളിമാവാണെന്നും അത് നീക്കിക്കളഞ്ഞ് പുതിയ വീഞ്ഞായിത്തീരണമെന്ന് പൗലോസ് നമ്മെ പഠിപ്പിക്കുന്നു 1 കൊരി. 5:7. അതുപോലെ നമുക്ക് ലഭിച്ചിരിക്കുന്ന സ്വാതന്ത്ര്യം ദുഷ്ടതയ്ക്ക് മറയാക്കരുതെന്നും നമ്മോടാജ്ഞാപിക്കുന്നു 1 പത്രോ. 2:16.

**രണ്ട് : എല്ലാ ചതിവും**

ചതിവ് പല തരത്തിലുണ്ട്. അതുകൊണ്ടാണ് എല്ലാ ചതിവും എന്ന് പറഞ്ഞിരിക്കുന്നത്. ഇതും പാപമാണ്. ലാബാൻ റാഹേലിന് പകരം ലേയയെക്കൊടുത്ത് യാക്കോബിനെ ചതിക്കുകയാണ് ചെയ്തത് ഉല്പ. 29:25. നേരം വെളുത്തപ്പോഴാണ് തനിക്ക് പറ്റിയ അമളി യാക്കോബ് മനസ്സിലാക്കിയത്. അവരുടെ നാട്ടുനടപ്പനുസരിച്ച് മൂത്തവളെ കൊടുക്കാതെ, ഇളയവളെ കൊടുക്കയില്ലെന്ന് അപ്പോഴാണ് പറഞ്ഞത്. ലാബാൻ വിശ്വസ്തനായിരുന്നുവെങ്കിൽ അക്കാര്യം നേരത്തെ തുറന്ന് പറയാമായിരുന്നു. യാക്കോബിന്റെ രീതി പെട്ടെന്ന് മനസ്സിലാക്കുകയും അത് തക്കത്തിൽ ഉപയോഗിച്ച് മുതലെടുപ്പു നടത്തുകയുമാണ് ലാബാൻ ചെയ്തത്. ലാബാന് ചതിപ്രയോഗം സ്ഥിരം തൊഴിലാണ് (31:41). പിന്നീട് ലാബാൻ യാക്കോബിനെ പിന്തുടർന്നപ്പോൾ ദൈവം ഇടപെട്ടില്ലായിരുന്നുവെങ്കിൽ വലിയ അപകടം സംഭവിക്കുമായിരുന്നു. (31:24–29). യോവാബ് അബ്ദേറിനെ സ്വകാര്യം പറവാൻ എന്നു ഭാവേന ഒരു ഭാഗത്തേക്ക് കൂട്ടിക്കൊണ്ടുപോയി വയറ്റത്ത് കുത്തിക്കൊന്നു കളഞ്ഞു 2 ശമു. 3:27. ഉച്ചസമയത്ത് വീട്ടിൽ വിശ്രമിച്ചു കിടന്ന നീതിമാനായ ഈശ്ബോശേത്തിനെ രേഖാബും ബാനയും ചേർന്ന് കുത്തിക്കൊല്ലുകയും തല വെട്ടിക്കളകയും ചെയ്തു (2 ശമു. 4:7,8,12). രേഖാബും ബാനയും ദുഷ്ടന്മാരായിരുന്നു (4:11,12). ദാവീദ് അവർക്ക് പകരം ചെയ്തു. ദുഷ്ടന്മാരാണ് എപ്പോഴും ചതിക്കുന്നത്. സദൃ. 14:8. അവരുടെ നിരൂപണം പാപമാണ് (128). പാപത്തിന് നമ്മെ ചതിക്കാനും കൊല്ലാനും കഴിയുമെന്ന് വി. പൗലോസ് തന്റെ പഴയ അനുഭവത്തിലൂടെ നമുക്ക് തെളിയിച്ചു തരുന്നു. റോമ. 7:11. നാം പാപത്തിന്റെ ചതിയാൽ കഠിനപ്പെട്ടുപോകരുതെന്ന് എബ്രായലേഖകൻ നമ്മെ പ്രബോധിപ്പിക്കുന്നു (3:13).

**മൂന്ന് : വ്യാജഭാവം**

യൊരൊബയാമിന്റെ ഭാര്യ തന്റെ ഭർത്താവിന്റെ ആജ്ഞപ്രകാരം വേഷം മാറി ശീലോവിൽ അഹിയാപ്രവാചകന്റെ അടുക്കലേക്ക് പോയി "എന്നാൽ യഹോവ അഹീയാവോട് : യൊരെബെയാമിന്റെ ഭാര്യ തന്റെ മകനെക്കുറിച്ച് നിന്നോടു ചോദിപ്പാൻ വരുന്നു. അവൻ ദീനമായിക്കിടക്കുന്നു; നീ അവളോട് ഇന്നിന്നപ്രകാരം സംസാരിക്കേണം അവൾ അകത്തു വരുമ്പോൾ അന്യസ്ത്രീയുടെ ഭാവം നടിക്കും എന്ന് പറഞ്ഞു "1 രാജ. 14:5). അവൾ വാതിൽ കടക്കുമ്പോൾ അവളുടെ കാലൊച്ച അഹിയാവ് കേട്ടിട്ട് ഇപ്രകാരം പറഞ്ഞു. യൊരൊബെയാമിന്റെ ഭാര്യയെ, അകത്ത് വരിക നീ ഒരു അന്യസ്ത്രീയെന്ന് നടിക്കുന്നതെന്തിന്? കഠിനവർത്തമാനം നിന്നെ അറിയിപ്പാനുണ്ട് എന്നാണ്. അത് അവളെ അറിയിക്കുകയും ചെയ്തു. അവൾ തിരികെച്ചെന്ന് അരമനയുടെ ഉമ്മറപ്പടി കടന്നപ്പോൾ പ്രവാചകൻ പറഞ്ഞതുപോലെ കുട്ടി മരിച്ചുപോയി (14:17). യൊരൊബെയാമിന്റെ ഭാര്യ തന്നെ ആരും അറിയാതിരിക്കാൻ അന്യസ്ത്രീയുടെ ഭാവം നടിച്ചു. (വാ. 5), ഈ നാട്യം കൊണ്ട് അവർക്ക് ഒന്നും നേടാൻ കഴിഞ്ഞിട്ടില്ലെന്ന് മാത്രമല്ല അവരുടെ ഗൃഹത്തെക്കുറിച്ച് ഭാവിയിൽ സംഭവിക്കാനിരിക്കുന്ന ഭയാനകമായ ന്യായവിധിയെക്കുറിച്ചും ദൈവം അഹിയാമുഖാന്തരം അറിയിക്കയും ചെയ്തു. ഇന്നനേകരും അഭിനയിക്കാൻ താല്പര്യമുള്ളവരാണ്. ദൈവസന്നിധിയിൽ അഭിനയിച്ചാൽ ദൈവം വെറുതെ വിടുകയില്ല. അനന്ന്യാസും സഫീരയും വ്യാജഭാവത്തോടെയാണ് നിലം വിറ്റ് കുറച്ചെടുത്തുവെച്ച് ബാക്കി പണവുമായി വന്നത് അവർ പരിശുദ്ധാത്മാവിനോട് വ്യാജം കാണിച്ചതിനാൽ ജീവനും സ്വത്തും മാനവും നഷ്ടമായി.

**നാല് : അസൂയ**

അസൂയയ്ക്കും കഷണ്ടിക്കും മരുന്നില്ലെന്നാണ് പൊതുവെ പറയാറുള്ളത്. "താൻ യാക്കോബിന് മക്കളെ പ്രസവിക്കുന്നില്ലായെന്ന് റാഹേൽ കണ്ട് തന്റെ സഹോദരിയോട് അസൂയപ്പെട്ടു യാക്കോബിനോട് : എനിക്ക് മക്കളെത്തരേണം അല്ലെങ്കിൽ ഞാൻ മരിച്ച് പോകും" എന്ന് പറഞ്ഞു ഉല്പ. 30:1. ഇവിടെ തന്റെ സ്വന്തം സഹോദരിയായ ലേയക്ക് തുടർച്ചയായി നാല് ആൺമക്കൾ ജനിച്ചുയെന്നുള്ളതാണ് അസൂയയ്ക്ക് പ്രധാന കാരണം. ഉടപ്പിറന്നോൾക്ക് നാലു കുഞ്ഞുങ്ങൾ ജനിച്ചതിന്ന് ഇത്രമാത്രം അസൂയപ്പെടാനെന്താണ് കാരണം? അസൂയയുടെ കാര്യം അങ്ങനെയാണ്! നിസാരകാര്യങ്ങൾക്ക് എത്രയോ ആളുകൾ അസൂയാലുക്കളാണ്. ഇതിന്റെ ഭവിഷ്യത്തു കുറച്ചൊന്നുമല്ല.

അസൂയയിൽ നിന്ന് അല്പം വിടുതൽ അവൾക്ക് കിട്ടിയത് തന്റെ ദാസിയായ ബിൽഹയെ യാക്കോബിന് ഭാര്യയായിക്കൊടുത്തപ്പോഴാണ്. "മരിച്ചു പോകും" എന്ന് പറഞ്ഞവൾ ദൈവസന്നിധിയിൽ താഴാനിടയായി (30:3). അങ്ങനെ ബിൽഹയിൽ നിന്ന് രണ്ടു മക്കളെ മച്ചിയായ റാഹേലിന്ന് കിട്ടി. അസൂയ പകുതി കുറഞ്ഞു. ദൈവം റാഹേലിനെ ഓർത്തു. അവളുടെ നിന്ദ നീക്കിക്കളഞ്ഞു. അവൾ രണ്ടു മക്കൾക്ക് കൂടി ജന്മം നൽകി പിന്നീട് മരിക്കുകയും ചെയ്തു (30:22;35:16).

''ശൗൽ ആയിരത്തെക്കൊന്നു ദാവീദോ പതിനായിരത്തെ"യെന്നു സ്ത്രീകൾ പാടിയപ്പോൾ മുതൽ ശൗലിന്ന് ദാവീദിനോട് കണ്ണ്കടി തുടങ്ങിയെന്ന് വായിക്കുന്നു 1 ശമു. 18:8,9. തുടർന്ന് രണ്ടു പ്രാവശ്യം ദാവീദിനെ ചുവരോട് ചേർത്ത് കുത്തുവാൻ ശൗൽ കുന്തം ചാണ്ടി (വാ. 11). പിന്നീട് ശൗൽ ദാവീദിന്റെ നിത്യശത്രുവായെന്ന് രേഖപ്പെടുത്തിയിരിക്കുന്നു (വാ. 29.)

**അഞ്ച് : എല്ലാ നുണയും**

നമ്മുടെ കർത്താവ് യഹൂദന്മാരോട് സംസാരിക്കുമ്പോൾ ഇപ്രകാരം പറഞ്ഞു "നിങ്ങൾ പിശാചെന്ന പിതാവിന്റെ മക്കൾ നിങ്ങളുടെ പിതാവിന്റെ മോഹങ്ങളെ ചെയ്വാനും ഇച്ഛിക്കുന്നു; അവൻ ഭോഷ്ക് പറയുന്നവനും അതിന്റെ അപ്പനും ആകുന്നു യോഹ. 8:44. അപ്പോൾ പിശാച് ഭോഷ്കിന്റെ പിതാവാണ്. അവൻ ഹവ്വായുടെ അടുക്കൽ ചെന്ന്; ദൈവം വാസ്തവമായി കല്പിച്ചിട്ടുണ്ടോ"യെന്നാണ് ചോദിച്ചത്. ദൈവം വാസ്തവമായിട്ടല്ലാതെ വാസ്തവവിരുദ്ധമായിട്ട് ഒന്നും കല്പിക്കാറില്ല. ബിലയാം വിചാരിച്ചത് ദൈവം മാറ്റിപ്പറയും എന്നാണ്. ''ആകയാൽ യഹോവ ഇനിയും എന്നോട് എന്തരുളിച്ചെയ്യും എന്ന് ഞാൻ അറിയട്ടെ'' യെന്നാണ് ബാലാക് അയച്ചു മാന്യന്മാരോട് പറഞ്ഞത് (സംഖ്യ 22:19). "നീ അവരുടെ കൂടെപ്പോകരുത് ആ ജനത്തെ ശപിക്കയും അരുത്" എന്ന് ആദ്യം പറഞ്ഞതാണ്. നുണ പറഞ്ഞു നടക്കുന്നവർ ചെമ്പും ഇരിമ്പും ആണെന്ന് യിരമ്യാവ് പറയുന്നു (യിര. 6:28). ആ കാലഘട്ടത്തിൽ ഭോഷ്ക് പ്രവചിക്കുന്നവരും ജനത്തിന്റെ ഇടയിൽ ഉണ്ടായിരുന്നു യിര. 29:3, 31. സ്നേഹത്തിൽ സത്യം സംസാരിച്ച് ക്രിസ്തു എന്ന തലയോളം വളരാൻ ദൈവം കൃപ ചെയ്യുമാറാകട്ടെ എഫേ. 4:15.

**ഇപ്പോൾ ജനിച്ച ശിശുക്കളെപ്പോലെ!**

ഇപ്പോൾ ജനിച്ച ശിശുക്കൾക്ക് എപ്പോഴും പാൽകുടിക്കാനുള്ള വാഞ്ചയുണ്ടായിരിക്കും. ഇതുപോലെ വീണ്ടും ജനിച്ച ദൈവകുഞ്ഞുങ്ങൾക്ക് വചനമാകുന്ന മായമില്ലാത്ത പാൽ കുടിക്കാൻ വാഞ്ചയുണ്ടായിരിക്കണം. എന്നു മാത്രമല്ല പാൽകുടിക്കുകയും വേണം. കുടിച്ചെങ്കിൽ മാത്രമേ വളരുകയുള്ളൂ. പാൽ മാത്രം കുടിക്കേണ്ടതായ രണ്ടു തരം വിശ്വാസികളെക്കുറിച്ച് തിരുവെഴുത്ത് വെളിപ്പെടുത്തുന്നു. ഒന്നാമതായി കൊരിന്ത്യ വിശ്വാസികൾ 1 കൊരി. 3:2. രണ്ടാമതായി എബ്രായവിശ്വാസികൾ എബ്രാ. 15:12. എബ്രായർക്ക് ഭവിച്ചത് ഉപദേശപ്പിശകാണ്. യേശുക്രിസ്തുവിന്റെ പൗരോഹിത്യം സംബന്ധിച്ച വിഷയങ്ങളിൽ അവർക്ക് വേണ്ടത്ര നിശ്ചയം ഇല്ലായിരുന്നു. അവർക്ക് ലേവ്യ പൗരോഹിത്യത്തെക്കുറിച്ച് മാത്രമെ അറിയാവൂ. എന്നാൽ കൊരിന്ത്യരെ സംബന്ധിച്ചിടത്തോളം ധാർമ്മീകമായ നിലവാരം വളരെ താണുപോയിരുന്നു

*(ശേഷം 4-ാം പേജിൽ)*

# പഞ്ചശീലങ്ങളാൽ പ്രശോഭിതമാവട്ടെ പുതുവർഷം

**ജോൺ സെബാസ്റ്റ്യൻ, പുതുപ്പള്ളി**

വീണ്ടും ഒരു വർഷംകൂടി നമ്മെ വിട്ടകന്നു. പുതുവർഷം നമ്മെ എതിരേറ്റു. എത്ര പെട്ടെന്നാണ് വർഷങ്ങൾ പോകുന്നത്? നമ്മുടെ ആയുസ്സ് തീരുന്നത്? ആരോഗ്യം ക്ഷയിക്കുന്നത്? ആശകൾ കൊഴിഞ്ഞു വീഴുന്നത്? അടുത്ത തലമുറ അണിഞ്ഞൊരുങ്ങുന്നത്? നാമൊക്കെ ചോദിച്ചു പോകുന്നു, ചിന്തിക്കുന്നു. സമയവും സംഭവങ്ങളും നമ്മുടെ നിയന്ത്രണത്തിലല്ലന്നും നല്ലവനായ നമ്മുടെ നിയന്ത്രിതാവിന്റെ കരങ്ങളിലാണെന്നുമുള്ള തിരിച്ചറിവ് താമസിച്ചു പോകാറാണ് പതിവ്. പരിണമിച്ചോ, പൊട്ടിത്തെറിച്ചോ ശാസ്ത്ര പരീക്ഷണനാളിയിലൂടെയോ നീങ്ങുന്ന ജീവിതമോ പ്രപഞ്ചമോ അല്ല നമുക്കുള്ളത്. പ്രപഞ്ചനാഥനാൽ സൃഷ്ടിക്കപ്പെട്ട് സൂക്ഷിക്കപ്പെട്ട് നിലനിൽക്കുന്ന ജീവിതത്തിന്റെയും പ്രപഞ്ചത്തിന്റെയും ഉടമകളാണ് നാം. (യെശ. 40:26, 54:5–12).

ഇസ്രായേൽ ജനതയുടെ നേതാവാക്കി ദൈവമുയർത്തിയ മോശ ഇതറിഞ്ഞുകൊണ്ടാണ് പ്രാർത്ഥിച്ചത്. 'മനുഷ്യന്റെ ആയുസ്സ് എഴുപതോ എൺപതോ വർഷങ്ങൾ. അത് വേഗം തീരുകയും ചെയ്യും' (സങ്കീ. 90:10). മനുഷ്യായുസ്സിന്റെ പ്രയാണം എല്ലാവരിലും ഒരേ പോലെയാണ്. എങ്കിലും വേഗതയ്ക്ക് വ്യത്യാസം അനുഭവപ്പെടുവാൻ കാരണം ഒന്നേയുള്ളൂ. ജീവിക്കുന്നത് എങ്ങനെയെന്ന അടിസ്ഥാനത്തിൽ. എങ്ങനെ, എപ്രകാരം, എത്രത്തോളം നാം ജീവിക്കണം? ബൈബിളിലെ 90–ാം സങ്കീർത്തനം വായിക്കുന്നവർക്ക് സുവ്യക്തമായ ഉത്തരം സർവ്വശക്തനായവൻ നൽകുന്നുണ്ട്.

ദൈവത്തെ തള്ളുന്നവരും, ദൈവീക പദ്ധതിക്കെതിരെ തുള്ളുന്നവരും തിക്താനുഭവങ്ങളുടെ തിരമാലകളിലമർന്ന് തിരസ്കൃതരാവും. ദൈവമായ യേശുക്രിസ്തുവിനെ കൈക്കൊള്ളുന്നവരും അവിടുത്തെ കാര്യപരിപാടിക്ക് വിനീതരായി വിധേയപ്പെടുന്നവരും പാലിക്കപ്പെടും. ഇതിൽ ആദ്യകൂട്ടർ ഭൂരിപക്ഷമാണ്. രണ്ടാമത്തെ കൂട്ടർ ന്യൂനപക്ഷവും. എങ്കിലും ഇവർ കഷ്ടാനുഭവങ്ങളിൽ കർത്തൃമുഖം നോക്കി സീയോൻ യാത്ര പൂർത്തിയാക്കുന്ന ജയാളികളാണെന്ന് കർത്താവ് പറഞ്ഞിരിക്കുന്നു (മത്താ. 7:13 –14, യെശ. 51:11).

ഭൂരിപക്ഷ തലമുറയ്ക്കും ന്യൂനപക്ഷ തലമുറയ്ക്കും സാക്ഷി നിന്ന ഭക്തനായിരുന്നു മോശ. ദൈവത്തെ തള്ളുന്ന കൂട്ടത്തിൽ നിന്ന് വേണ്ടത്ര അകലം പാലിച്ചു. അപ്പോൾ തന്നെ ദൈവത്തോട് അടുപ്പവും ദൈവജനത്തോട് കൂട്ടായ്മയും നിലനിർത്തി. കപടവേഷധാരികളോട് വേർപാട് പാലിച്ചു. അങ്ങനെയുള്ളവരെയാണ് ഏതു തലമുറയിലും ദൈവം അന്വേഷിക്കുന്നതും അനുഗ്രഹിക്കുന്നതും. ഈ അറിവോടെ മാത്രമെ പുതുവർഷ ജീവിതവും പ്രവർത്തനവും പടുത്തുയർത്താവൂ. ഇതിനെ അവഗണിച്ചുള്ള എത്രയോ വർഷങ്ങളും പുതുവർഷ പ്രവേശനങ്ങളും കഴിഞ്ഞിരിക്കുന്നു. വിലയില്ലാതെപോയ വാക്കുകൾ. പ്രാവർത്തികമാക്കാത്ത പ്രതിജ്ഞകൾ. സ്വജീവിതത്തിൽ സൂക്ഷിക്കാത്ത സാക്ഷ്യങ്ങൾ. ആവർത്തന വിരസതയുടെ 'വാച്ച് നൈറ്റുകൾ'. മലാഖിയുടെ കാലത്തെന്നപോലെ നേർന്നിട്ട് അതുപോലെ നിവർത്തിക്കാത്തവർ. 'വഞ്ചകൻ, ശപിക്കപ്പെട്ടവൻ' എന്നീ പേരുകളാണ് ദൈവം അവർക്ക് നൽകിയതെങ്കിലും അതിലെ ഗൗരവം നാമറിയണം. ഒരേ തെറ്റിന് ശിക്ഷയും ഒന്നുതന്നെയാണല്ലോ. രാജമുമ്പിൽ പറഞ്ഞ സാക്ഷ്യത്തിൽ ഉറച്ച് നിന്ന് വീര്യവും വിശ്വസ്ഥതയും പ്രവർത്തിച്ച എസ്രാ പുതുവർഷത്തിൽ വിശ്വാസിയുടെ 'റോൾ മോഡൽ' ആവട്ടെ (മലാഖി 1:14, എസ്രാ. 8:22). വിശ്വാസത്യാഗികൾക്കും അവിശ്വാസികൾക്കും ഒരു 'ടെറർ മോഡലായി' യൂദാസ് നിലകൊള്ളുന്നു.

സാക്ഷ്യലംഘനക്കാർ മോശയുടെ വിപൽ പ്രബോധനങ്ങൾക്കാണ് കാതോർക്കേണ്ടത് 'അവർ ദൈവകോപത്താൽ ക്ഷയിക്കുന്നവരാകും. ഭ്രമിക്കുന്നവരാകും. രഹസ്യപാപങ്ങൾ നിമിത്തം തലകുനിക്കേണ്ടിവരും. സംവത്സരങ്ങളെ നെടുവീർപ്പു പോലെ തള്ളിനീക്കേണ്ടിവരും' (സങ്കീ. 90:7–9). ഇങ്ങനെയായിരുന്നോ കഴിഞ്ഞ കാലങ്ങൾ. തിരിഞ്ഞുനോക്കണം. തിരുത്തലിനു സമവാക്യങ്ങളും മോശ നമുക്ക് നൽകുന്നുണ്ട്.

നമ്മുടെ നാളുകളെ എണ്ണുക. ദൈവത്തെ ഭയപ്പെടുക. ജ്ഞാനഹൃദയത്തിനുടമയാകുക. ദൈവത്തിന്റെ സഹതാപത്തിനായി ജീവിതത്തെ ക്രമപ്പെടുത്തുക. ദൈവത്തിന്റെ ദയയാൽ തൃപ്തിയടയുവാൻ ഒരുങ്ങുക. അതൊക്കെയാണ് മോശ ചെയ്തത്. നാം ചെയ്യേണ്ടതും അതു തന്നെ. മോശയുടെ പഞ്ചശീലങ്ങൾ വിശ്വാസിയുടെയും പകർച്ചവ്യാധിയായെങ്കിൽ എന്നാശിക്കുന്നതിൽ എന്താണ് തെറ്റ്? 1) ദൈവത്തെ തള്ളിത്തകർന്നവർക്ക് അതിദുഃഖത്തോടെ വിടപറയൽ 2) അവശേഷിച്ച ദൈവജനത്തിനുവേണ്ടി അഭയയാചന 3) അകൃത്യങ്ങളിൽ ആറാടുന്ന ആധുനിക തലമുറയ്ക്ക് അന്ത്യശാസന 4) അജഗണത്തിന് ആത്മശുദ്ധി 5) അനുവാചകർക്ക് ആത്മപരിശോധന. ആർക്കും അനുകരണീയമായ പ്രമാണങ്ങൾ. സകലർക്കും സുസാദ്ധ്യമായ പഞ്ചശീലങ്ങൾ. ദോഷശീലങ്ങളിൽ നിന്നും നല്ല ശീലങ്ങളിലേക്കുള്ള മാറ്റം നൽകുവാൻ യേശുക്രിസ്തു സർവ്വശക്തനായി സന്മനസ്സോടെ നമ്മെ സ്വാഗതം ചെയ്യുന്നു. "എന്നാൽ ദോഷം ചെയ്യാൻ ശീലിച്ചിരിക്കുന്ന നിങ്ങൾക്കും നന്മ ചെയ്യാൻ കഴിയും" എന്നാണ് ദൈവവാഗ്ദാനം (യിരെ. 13:23). താങ്കളുടെ പാപപരിഹാരാർത്ഥം യേശു മരിച്ചുയർത്തെഴുന്നേറ്റു. പാപമോചനവും മോക്ഷവും നൽകുവാൻ യേശു മാടിവിളിക്കുന്നു. മാനസാന്തരപ്പെട്ട് പാപക്ഷമ യാചിക്കുക. ക്രിസ്തുവിനെ സ്വമനസ്സാലെ ഹൃദയത്തിൽ സ്വീകരിക്കുക. നല്ല ശീലങ്ങളിലേക്കുള്ള മാറ്റം പെട്ടെന്നനുഭവിച്ചറിയാം. പുതിയൊരു ഹൃദയവും പുതിയൊരു ആത്മാവും പുതുജീവനും നേടിക്കൊള്ളുവാൻ ദൈവം ഏവരേയും ക്ഷണിക്കുന്നു. നല്ല ശീലങ്ങളിൽ നിലനിന്ന് പുതിയത് കൂട്ടിച്ചേർത്ത് വിശ്വാസികൾ രൂപാന്തരപ്പെടണമെന്നും ദൈവം കൽപ്പിക്കുന്നു (യെഹെ. 18:31, 2 പത്രോ. 1:4–7).

പഴയ വർഷങ്ങളിലെ ദുശ്ശീലങ്ങളോട് വിടപറയാം. പുതുവർഷം പഞ്ചശീലങ്ങളാൽ പടുത്തുയർത്താം. പ്രണയിക്കാൻ പഞ്ചശീലങ്ങൾ! പ്രണമിക്കാൻ പ്രപഞ്ചനാഥൻ! പടുത്തുയർത്താൻ പുതുജീവൻ! പ്രവർത്തനോർജ്ജമായ് പുതുവർഷം! പേടിക്കുവാൻ ഇതാ പ്രാണനാഥന്റെ പ്രഖ്യാപനം – "ഞാൻ സംവത്സരങ്ങളായി ഫലം തിരഞ്ഞു വരുന്നു കാണുന്നില്ല താനും. അതിനെ വെട്ടിക്കളക. അത് നിലത്തെ നിഷ്ഫലമാക്കുന്നത് എന്തിന്? പരിതപിക്കുവാൻ ഇതാ പരിശുദ്ധവചനം – "കർത്താവെ, ഈ ആണ്ടും കൂടെ നില്ക്കട്ടെ മേലാൽ കായിച്ചെങ്കിലോ– ഇല്ലെങ്കിൽ വെട്ടിക്കളയാം" പഞ്ചശീല പ്രതിജ്ഞയാൽ പ്രശോഭിതമാകട്ടെ പുതുവർഷം (ലൂക്കോ. 13:6–9). നമുക്ക് ഇനിയും പ്രതിജ്ഞാ വൈമനസ്യമെങ്കിൽ അത് പ്രത്യാഘാതം ഉളവാക്കും. പ്രതിജ്ഞാ സന്മനസ്സുണ്ടെങ്കിൽ അത് പ്രതിഫലവും സമ്മാനിക്കും. താങ്കളുടെ പ്രതികരണം വിധിനിർണ്ണായകമാണ്. "നിങ്ങൾ ആരെ സേവിക്കും എന്ന് ഇന്ന് തെരഞ്ഞെടുത്തുകൊൾവിൻ. ഞാനും എന്റെ കുടുംബവുമോ ഞങ്ങൾ യഹോവയെ സേവിക്കും" (യോശുവ 24:15). ●

**Thiruvalla Medical Mission**

**WANTED**

**CIVIL ENGINEER AS PROJECT MANAGER**
B.Tech in Civil Engineering with 10 years' experience in project handling

**CHIEF FINANCIAL OFFICER**
Charted Accountant with 10 year's experience

**ASSISTANT ACCOUNTS MANAGER**
M.Com with 5 years' experience. CA/ICWA (Inter) with Tally qualifications preferred

**RADIOLOGIST**
MD/DNB in Radio diagnosis with relevant experience

*Apply immediately to*

Administrator, Tiruvalla Medical Mission, Thiruvalla

### ഓരോ വിശ്വാസിക്കും .....

വെന്ന് മാത്രമല്ല ഭിന്നതയും പിണക്കവും പക്ഷവും അവരുടെയിടയിൽ ഉണ്ടായിരുന്നു. 1 കൊരി. (1:11; 5:1). പാൽ കുടിക്കുന്നത് ക്രിസ്തീയ ജീവിതത്തിന്റെ പ്രാരംഭവും കട്ടിയായുള്ള ആഹാരം വളർച്ചയുടെ ലക്ഷണവുമാണ്. എബ്രാ. 5:14.

നമുക്ക് യിരമ്യാവ് പറയുന്നത് ശ്രദ്ധിക്കാം. ഞാൻ നിന്റെ വചനങ്ങളെ കണ്ടെത്തി ഭക്ഷിച്ചിരിക്കുന്നു. നിന്റെ വചനങ്ങൾ എനിക്ക് സന്തോഷവും എന്റെ ഹൃദയത്തിന് ആനന്ദവും ആയി. യിര. 15:16. വളരെ പ്രതികൂലത്തോടെ മുന്നോട്ട് നീങ്ങിയ പ്രവാചകന് സന്തോഷിക്കുവാനും ആനന്ദിക്കുവാനും ദൈവവചനപഠനം വളരെ സഹായിച്ചതായി കാണുന്നു. യഹോവയുടെ വചനത്തിങ്കൽ വിറക്കാത്തവർക്ക് അതുകൊണ്ട് യാതൊരു പ്രയോജനവും ലഭിക്കുകയില്ല. യെശ. 66:5; 119:161. തിരുവെഴുത്തുകൾ കാണുമ്പോൾ കൊള്ള കണ്ടുകിട്ടിയ അനുഭവം നമുക്കുണ്ടാകണം. Ps. 119:162; തിരുവചനം അണ്ണാക്കിന്ന് മധുരമായിട്ടും കാലിന്നും പാതക്കും പ്രകാശമായിട്ടും ഇരിക്കണം 119:103, 105. ഇത് വായിക്കുവാൻ കൃത്യസമയം പാലിക്കണം. 119:148.

## രോഗികളെ ഓർത്ത് പ്രാർത്ഥിച്ചാലും

**മാമല:** മാമല സഭാംഗമായ ബ്രദർ റെജി ചെറിയാൻ അപകടത്തെ തുടർന്ന് എറണാകുളം മെഡിക്കൽ ട്രെസ്റ്റിൽ ചികിത്സയിൽ കഴിയുന്നു. സൗഖ്യത്തിനായ് ദൈവജനം പ്രാർത്ഥിക്കുക.

**എറണാകുളം:** വടുതല സഭാംഗമായ ബ്രദർ ജോഷാ ശസ്ത്രക്രിയയെ തുടർന്ന് വിശ്രമിക്കുന്നു.

സൗദി: റിയാദ് സഭാംഗമായ ബ്രദർ ജേക്കബ് രണ്ട് കിഡ്നികളും തകരാറായതിനെ തുടർന്ന് ശസ്ത്രക്രിയ്ക്കുശേഷം ഡയാലിസിസിന് വിധേയനായികൊണ്ടിരിക്കുന്നു. ദൈവജനം പ്രാർത്ഥനയിൽ ഓർക്കുക.

**എറണാകുളം** : കളമശ്ശേരി സഭാംഗമായ ബ്രദർ സാം ഡാനിയേൽ അപകടത്തെ തുടർന്ന് ഹിപ്പ് റീപ്ലെയ്സ്മെന്റിനുള്ള ചികിത്സയിൽ കഴിയുന്നു.

**പിറവം** : സുവിശേഷകൻ പി. വി. ബഞ്ചമിന്റെ മകൻ ടൈറ്റസ് മഞ്ഞപിത്തം ബാധിച്ച് കോലഞ്ചേരി മെഡിക്കൽ കോളജിലെ ചികിത്സയെ തുടർന്ന് വിശ്രമിക്കുന്നു. ബിരുദ വിദ്യാർത്ഥിയായ തനിക്ക് പരീക്ഷയ്ക്ക് തയ്യാറാകേണ്ടതുണ്ട് ദൈവജനം പ്രത്യേകം പ്രാർത്ഥനയിൽ ഓർക്കണം.

**പള്ളിപ്പാട്** : ബ്രദർ സാബു വർഗീസ് കൃപയാൽ സൗഖ്യം പ്രാപിച്ചുവരുന്നു. പ്രാർത്ഥനയിൽ തുടരുക.

**എറണാകുളം:** സിസ്റ്റർ ഗ്ലോറി ഗോഡ്ലി ചികിത്സയിൽ തുടരുന്നു. പ്രാർത്ഥനയിൽ ഓർക്കുക.



# പിന്നിട്ട വർഷത്തിലേക്കൊരു തിരനോട്ടം

**എസ്. സഞ്ജീവി, കൂത്താട്ടുകുളം**

ഒരു വർഷം കൂടി കഴിഞ്ഞു പോയി. അത് പഴയതായി മാറി. നമുക്കാർക്കും മാറ്റി മറിക്കുവാനാകാത്ത വിധം അവ ചരിത്രമായി രേഖപ്പെടുത്തിക്കഴിഞ്ഞു. അതിൽ ചിലതെങ്കിലും മറ്റൊരുതരത്തിൽ ചെയ്യാമായിരുന്നു, ചിലത് ഒഴിവാക്കാമായിരുന്നു, മറ്റു ചിലതു കുറേക്കൂടി നന്നായി ചെയ്യാമായിരുന്നു എന്ന നിലയിലുള്ള ചിന്ത നമ്മിലെല്ലാവരിലും തന്നെ ഉണ്ടാകും. അങ്ങനെയൊന്നുണ്ടാകുന്നുവെങ്കിൽ അതൊരു അനുഗ്രഹമായി കാണണം.

കഴിഞ്ഞുപോയതിനെക്കുറിച്ചു ഓർത്തു വിഷാദിക്കുവാനോ ആകുലപ്പെടുവാനോ ആവശ്യമില്ല. എന്നാൽ ഒരു വിചിന്തനം കുറേക്കൂടി വ്യക്തമായ ലക്ഷ്യത്തോടും കാര്യപ്രസക്തമായ തീരുമാനത്തോടും കൂടെ ജീവിപ്പാൻ നമ്മെ പ്രേരിപ്പിക്കുന്നതാണ്. മുമ്പോട്ടുള്ള നമ്മുടെ ഇടപാടുകൾ കുറേക്കൂടി നന്നാക്കുവാനും പ്രയോജനകരമാക്കിത്തീർക്കുവാനും അതുപകരിക്കും.

മറ്റുള്ളവർ എന്തു, എപ്പോൾ, എങ്ങനെ ചെയ്തു, അതു എത്രത്തോളം ശരിയാണ് തുടങ്ങിയവ അറിയുവാനുള്ള ആവേശം എന്നും മനുഷ്യനിലുണ്ട്. അതേസമയം സ്വയം തിരിച്ചറിയുവാൻ അവൻ ശ്രമിക്കുന്നുമില്ല. എന്നാൽ തിരുവെഴുത്തു പറയുന്നത് ശ്രദ്ധിക്കുക.

“നിങ്ങളേത്തന്നെ ശോധന ചെയ്യുവിൻ'' (2 കൊരി. 13:5). അപ്പോസ്തലനായ പൗലോസ് മുഖാന്തിരം ദൈവാത്മാവ് നമുക്കു നൽകുന്ന ആഹ്വാനമാണിത്. ഈ വാക്യത്തിൽ പരിശോധിപ്പിൻ (Examine) എന്നും ശോധന ചെയ്യുവിൻ എന്നും രണ്ടു പ്രയോഗങ്ങളുണ്ട്. രണ്ടാമത്തേത് prove your own selves എന്നാണ് ഇംഗ്ലീഷിൽ. 'സോകിമാസോ' എന്ന പദമാണ് ഗ്രീക്കിൽ. നമ്മെത്തന്നെ ബോദ്ധ്യപ്പെടുത്തുക എന്നാണ് ഇതു കൊണ്ടർത്ഥമാക്കുന്നത്. പുതിയ നിയമത്തിൽ കാണുന്ന 4 പ്രയോഗങ്ങളാണുള്ളത്. സ്വയം തിരിച്ചറിയുക എന്ന നിലയിലാണുള്ളത്.

**നമ്മുടെ കഴിഞ്ഞകാല ജീവിതത്തിന്റെ ആകെത്തുക എന്താണെന്ന് മറ്റുള്ളവരെ ബോദ്ധ്യപ്പെടുത്തുവാനാണ് പലപ്പോഴും നാം ശ്രമിക്കാറുള്ളത്. എന്നാൽ അതിനേക്കാളുപരി ശരിയായ വസ്തുത നമുക്കു തന്നെ ബോദ്ധ്യപ്പെടുമ്പോൾ മാത്രമെ അതിൽ നിന്നുള്ള പാഠങ്ങൾ ഉൾക്കൊണ്ടു മുമ്പോട്ടു പോകുവാൻ നമുക്കു സാധിക്കൂ.**

കഴിഞ്ഞ ഒരു വർഷം നമുക്ക് ജീവിപ്പാനാവശ്യമുള്ള ആത്മീകാനുഗ്രഹങ്ങളും ഭൗതീക നന്മകളും ശാരീരിക മാനസികമായി വേണ്ട ഘടകങ്ങളെല്ലാം ദൈവം നൽകി. വെട്ടിക്കളയാമായിരുന്ന സ്ഥാനത്തു നിന്ന് ഒരവസരം കൂടി നമുക്കു ലഭിച്ചു. എന്നാൽ പുതിയൊരു വർഷം നമുക്കു ലഭിക്കുമ്പോൾ നാം ഒന്നു തിരിഞ്ഞുനോക്കിയാൽ, ശരിയായൊരു അവലോകനം നടത്തിയാൽ എന്തുത്തരമാണ് നമുക്കു ലഭിക്കുക.

ദൈവം നമ്മെ ഏല്പിച്ചിരുന്ന ഉത്തരവാദത്തങ്ങളിൽ എന്തെല്ലാം നിർവ്വഹിപ്പാൻ നമുക്കു കഴിഞ്ഞു. ദൈവനാമമഹത്വത്തിനായും ദൈവമക്കളുടെ അനുഗ്രഹത്തിനായും എന്തെല്ലാം ചെയ്തു. നന്മ ചെയ്യുവാൻ അവസരമുണ്ടായിട്ടും സഹോദരന്മാരെ ദ്വേഷിപ്പാനും പ്രതികാരത്തിനുമായി നാം എന്തെല്ലാം ചെയ്തു; എത്ര സഹോദരന്മാരെ നാം മുടക്കി. എത്ര സഭാഹാളുകൾ നമുക്കു പൂട്ടുവാനായി; എത്ര സുവിശേഷകന്മാരുടെ ഫണ്ടുകൾ മുടക്കി, എത്ര പ്രസ്താവനകളിറക്കി (ഒറ്റയ്ക്കായും കൂട്ടായും); എത്ര കുടുംബങ്ങളെ കണ്ണുനീർ കുടിപ്പിച്ചു; ആരെയൊക്കെ കബളിപ്പിച്ചു; എത്ര പേരെ പ്രോത്സാഹിപ്പിച്ചു; ആശ്വസിപ്പിച്ചു, എത്ര പേരോട് നമ്മുടെ കർത്താവിനെക്കുറിച്ചു പറഞ്ഞു; സഭായോഗങ്ങളെ എത്രത്തോളം ഗൗരവമായി കണ്ടു, സഭയുടെ പ്രവർത്തനങ്ങളിൽ എത്രത്തോളം പങ്കാളികളായി; കർത്തൃവേലയ്ക്കു നാം എന്തു നൽകി; മറ്റുള്ളവരുടെ ഇടയിൽ നമ്മുടെ സാക്ഷ്യം എന്തായിരുന്നു.

ഇങ്ങനെ ചോദ്യങ്ങളുടെ ഒരു നിര തന്നെ നമ്മുടെ മുമ്പിലുണ്ടാകാം. അല്ല, കഴിഞ്ഞ ഒരു വർഷത്തെ ജീവിതം വിലയിരുത്തുമ്പോൾ “നാം വിശ്വാസത്തിൽത്തന്നെയോ എന്നു ധൈര്യത്തോടെ പറയുവാൻ നമുക്കാകുമോ? കണ്ണിൽകോലിരിക്കെ കരടെടുക്കാനല്ലേ നാം ശ്രമിച്ചത്? ഉത്തരവും നാം തന്നെ കണ്ടെത്തണം.

പൗലോസ് പറയുന്നു. “സകലവും ശോധന ചെയ്വിൻ; നല്ലതു മുറുകെ പിടിപ്പിൻ (1 തെസ. 5:21) ഓരോരുത്തർ താന്താന്റെ പ്രവൃത്തി ശോധന ചെയ്യട്ടെ'' (ഗലാ. 6:4).

പ്രിയരെ ഇതു നാം ഓരോരുത്തരുടെയും ഒരു തിരിഞ്ഞുനോട്ടം മാത്രമാണ്. ആർക്കും ആരെയും ചോദ്യം ചെയ്യുവാൻ അനുവാദമില്ല. നാം നമ്മെത്തന്നെ പരിശോധിക്കുക, വിമർശിക്കുക. നമ്മെത്തന്ന് അറിയുക. സ്വയം ബോദ്ധ്യപ്പെടുന്ന കാര്യങ്ങളെ കുറേക്കൂടി നന്നായി ചെയ്തു ദൈവനാമമഹത്വത്തിനും മറ്റുള്ളവരുടെ അനുഗ്രഹത്തിനുമായി ജീവിപ്പാനുള്ള ഒരു പ്രതിജ്ഞ എടുപ്പാൻ സാധിച്ചാൽ ഈ തിരിഞ്ഞുനോട്ടം കൊണ്ടുള്ള ലക്ഷ്യം പൂർത്തിയായി. മഹത്വം അവിടുത്തേക്കു മാത്രം. ●

## സുവിശേഷയോഗങ്ങളും ബൈബിൾ ക്ലാസ്സുകളും

**അടൂർ:** 2012 ജനുവരി 4 മുതൽ 7 വരെ അടൂർ നെല്ലിമൂട്ടിൽപടി ജംഗ്ഷനു സമീപം ലോഗോസ് ആഡിറ്റോറിയത്തിൽ വച്ചു നടത്തപ്പെടുന്നു. പ്രസംഗകർ : സഹോദരന്മാരായ ഏബ്രഹാം ചെമ്പോല, ചാണ്ടപ്പിള്ള ഫിലിപ്പ്, വർഗീസ് കുര്യൻ, രാജൻ തോമസ്, ഗായോസ് മാത്യു, കെ. സി. ജോൺസൺ, ഏബ്രഹാം തോമസ് പുല്ലാട്, ജോർജ്ജ് കോശി മൈലപ്ര മുതലായവർ വിവിധ ശുശ്രൂഷകൾ നിർവ്വഹിക്കുന്നു. ഗാനശുശ്രൂഷ, ഗ്രൂപ്പു പ്രാർത്ഥന, കൂടാതെ ശനിയാഴ്ച മൂന്നു വയസു മുതൽ 17 വയസു വരെ പ്രായമുള്ള കുട്ടികൾക്കായി പ്രത്യേക പ്രോഗ്രാമുകളും ക്രമീകരിച്ചിരിക്കുന്നു. ഗാനശുശ്രൂഷ സ്പിരിച്വൽ സിംഗേഴ്സ് കൺവീനർ കൺവൻഷൻ കമ്മറ്റിക്കുവേണ്ടി, കൺവീനർ.

## ഇന്ത്യ ഹിന്ദുക്കൾക്കുള്ളതാണ്?

“ഇന്ത്യ ഹിന്ദുക്കൾക്കുള്ളതാണ്. ക്രിസ്ത്യാനികൾക്ക് ഇവിടെ സ്ഥലമില്ല. ഇവിടത്തെ ക്രിസ്ത്യാനികൾ ഹിന്ദുക്കൾ ആകുന്നില്ലെങ്കിൽ ഇവിടെ നിന്ന് പോകണം; എവിടേക്ക് എന്നത് ഞങ്ങൾക്ക് പ്രശ്നമല്ല''. ഹർത്ത് മന്ദർ എന്ന ഹൈന്ദവ നേതാവിന്റെ വാക്കുകളാണിത്. ദി ഹിന്ദു റിപ്പോർട്ട് ചെയ്ത ഈ വാർത്ത വളരെ ഗൗരവത്തോടെ കാണേണ്ടതാണ്. 2007 മുതൽ ഇതുവരെ ഒറീസയിൽ മാത്രം 600 വില്ലേജുകൾ കൊള്ളയടിക്കപ്പെട്ടു. 295 ആരാധനാലങ്ങളോ പള്ളികളോ നശിപ്പിക്കപ്പെട്ടു. ഔദ്യോഗിക കണക്ക് അനുസരിച്ച് 39 പേർ കൊല്ലപ്പെട്ടു. ലക്ഷകണക്കിന് ആളുകൾ തങ്ങളുടെ താമസസ്ഥലം വിട്ടുപോയി.

ഈ കണക്കുകൾ ഞെട്ടലോടെ കാണേണ്ടവയാണ്. മത സ്വാതന്ത്ര്യവും ജനാധിപത്യവും നിയമപരമായി അവകാശപ്പെട്ട ഒരു രാജ്യത്തിന് ഇത് അപമാനകരമാണ്. ഇന്ത്യയിലെ ജനങ്ങളിൽ കുറഞ്ഞത് 6 കോടിയോളം പേർ ഇന്ത്യയ്ക്ക് വെളിയിൽ ജോലിക്കായി മറ്റുമുണ്ടെന്നാണ് കണക്ക്. ഇന്ത്യയുടെ വരുമാനത്തിന്റെ നല്ലൊരുപങ്കും പ്രവാസികളിൽ നിന്നുമാണ്. അവിടങ്ങളിലുള്ള നമ്മുടെ ആളുകളെ വെറും കൈയ്യായ് തിരിച്ചയച്ചാൽ നമ്മുടെ സ്ഥിതി എന്താകും? ക്രൈസ്തവ രാജ്യങ്ങളെന്നറിയപ്പെടുന്ന സ്ഥലങ്ങളിൽപ്പോലും ഭാരതീയർക്ക് വംശീയമായി നേരിടേണ്ടിവരുന്ന എതിർപ്പുകൾ കുറവാണ്. മതം മാറ്റത്തെക്കാൾ തങ്ങൾക്ക് ബോധ്യമായ മതമോ ആത്മീക വിഷയമോ സ്വീകരിക്കുവാനും അത് മറ്റുള്ളവരെ അറിയിക്കുവാനുമുള്ള അവകാശം നിഷേധിക്കപ്പെടുവാൻ പാടില്ല. ഇന്ത്യയിൽ നിന്നും ഓരോ വർഷവും മറ്റ് രാജ്യങ്ങളിലേക്ക് മതപരമായ പ്രചാരങ്ങൾക്കായി പോകുന്നത് സ്വയം വിസ്മരിക്കുന്നതും ക്ഷന്തവ്യമല്ല. അന്യോന്യം സ്നേഹിപ്പാനും കരുതുവാനും പഠിപ്പിച്ച യേശുക്രിസ്തുവിന്റെ വചനങ്ങൾ പീഠനങ്ങളെ അതിജീവിച്ച് വന്നവയാണ്. ഇത് സ്നേഹത്തിന്റെ മാർഗ്ഗമാണ്.

# കൺവൻഷനുകൾ

### ഐ.ഇ.എം. കൺവൻഷനും സംഗീത മഹോത്സവവും

സ്ഥലം : ഐ.ഇ.എം. ഓഡിറ്റോറിയം – കല്ലുമല, മാവേലിക്കര, സമയം : 2012 ജനുവരി 6,7,8 (വെള്ളി, ശനി, ഞായർ) വൈകിട്ട് 5 മുതൽ 8.30 വരെ, 6.1.2012 : പ്രസംഗകൻ – സുവി. ജോൺ പി. തോമസ്, ഗായകർ – സെലസ്റ്റ്യൽ സിംഗേഴ്സ് കോട്ടയം (ബിനോയ് ചാക്കോ, ജെയ്സൺ), 7.1.2012 : പ്രസംഗകൻ – സുവി. ബിജു ആലടി, ഗായകർ – ഏയ്ഞ്ചൽ മ്യൂസിക്, കോതമംഗലം, (കുട്ടിയച്ചൻ, ജിജി സാം), 8.1.2012 : പ്രസംഗകൻ – ഡോ. ജി. വി. മത്തായി, ഗായകർ – കൊച്ചിൻ ഹോളി ബീറ്റ്സ്, മാസ്റ്റേഴ്സ് വോയ്സ്, (ജോസ് ജോർജ്ജ്, മാത്യു ജോൺ)

**വാളകം :** ദൈവഹിതമായാൽ, വാളകം ബ്രദറൺ സഭയുടെ ചുമതലയിൽ സുവിശേഷപ്രസംഗവും സംഗീതശുശ്രൂഷയും വാളകം ജംഗ്ഷനു സമീപം തയ്യാർ ചെയ്യുന്ന പന്തലിൽ 2012 ജനുവരി 18 ബുധൻ മുതൽ 22 ഞായർ വരെ എല്ലാ ദിവസവും വൈകിട്ട് 6.30 മുതൽ 8.30 വരെ നടക്കുന്നതായിരിക്കും. വ്യാഴം, വെള്ളി, ശനി എന്നീ ദിവസങ്ങളിൽ രാവിലെ 10 മുതൽ 12 വരെ വാളകം ബ്രദറൺ സഭാഹാളിൽ വച്ച് ബൈബിൾ ക്ലാസ് ഉണ്ടായിരിക്കുന്നതുമാണ്. ഈ യോഗങ്ങളിൽ സുവി. ചാണ്ടപ്പിള്ള ഫിലിപ്പ്, ജോസ് മാങ്കുടി എന്നിവർ വചനം പ്രസംഗിക്കുന്നതാണ്. സഭയ്ക്കുവേണ്ടി വി. യു. ജേക്കബ്, പി. സി. വർഗ്ഗീസ്

### എത്താമാണു ഗുഡാ കൺവൻഷൻ

12–ാമത് കൺവൻഷൻ 2012 ജനുവരി 25 മുതൽ 29 വരെ നടത്തപ്പെടുന്നു. പ്രസംഗകർ : എ. ജി. ജോർജ്ജ്, എറണാകുളം സാജൻ കുരവയ്ക്കൽ കാസർഗോഡ്, ജോൺ തോമസ് കർനൂൾ ആന്ധ്രാപ്രദേശ്

**തിരുവല്ല:** മെഡിക്കൽ മിഷൻ ഹോസ്പിറ്റൽ മൈതാനത്തുവച്ച് 2012 ജനുവരി 20 മുതൽ 22 വരെ നടക്കുന്ന കൺവൻഷനിൽ സുവിശേഷകൻ ഷാലു റ്റി. നൈനാൻ പ്രസംഗിക്കുന്നതാണ്.

**വിജയനഗരം:** 2012 ഫെബ്രുവരി 20 മുതൽ 26 വരെ ബൈബിൾ ക്ലാസ്സുകളും സുവിശേഷ യോഗങ്ങളും നടക്കുന്നു. സുവി. ഏബ്രഹം ചെമ്പോല, സജീവ് വർഗ്ഗീസ്, ഡോ. പി.എം. ജോർജ്ജ്കുട്ടി എന്നിവർ ശുശ്രൂഷകൾ നിർവ്വഹിക്കും.

# എരുമേലി സഭാഹാളിലേക്കുള്ള വഴി: അറിയേണ്ട ചില വസ്തുതകൾ

**ക**ർത്താവിൽ പ്രിയരെ,

എരുമേലി സഭാഹാളും വഴിയും സംബന്ധിച്ച് അടുത്തയിടെ ജീവവചനം ദ്വൈവാരികയിൽ വന്ന വാർത്തകളുടെ വസ്തുതകൾ അന്വേഷിച്ചുകൊണ്ട് നിരവധി സഹോദരന്മാർ ബന്ധപ്പെടകയുണ്ടായി. മാധ്യമത്തിലൂടെ മറുപടിയും പ്രതീക്ഷിക്കുന്നതായി അറിയിച്ചു. മുതിർന്ന സഹോദരന്മാരുടെ ആലോചനയും ഉണ്ടായി. അതിൽ പ്രകാരം ഒരു വിശദീകരണം നൽകുന്നു.

1993 ൽ മുക്കൂട്ടുതറ സഭാഹാളിൽ താമസിച്ചുകൊണ്ടാണ് എരുമേലിയിൽ പ്രവർത്തനം ആരംഭിച്ചത്. 1994 ഏപ്രിലിൽ മുക്കൂട്ടുതറ സഭാ മൂപ്പന്മാരായ പി. എ. ജോസഫിന്റെയും കെ. റ്റി. തോമസിന്റെയും താൽപര്യപ്രകാരം സഹോ: ജയിംസ് തോമസിന്റെ എരുമേലിയിലെ ഭവനം വാടകരഹിതമായി താമസത്തിനു നല്കി. അവിടെ നിന്നും 2007 നവംബറിൽ താമസം മാറി. പി. എ. ജോസഫ്, കെ. റ്റി. തോമസ്, സുവി. പി. കെ. തോമസ് എന്നിവരെ ക്ഷണിച്ചുവരുത്തി അവരുടെ കയ്യിൽ തന്നെ താക്കോൽ കൈമാറി. സഹോദരന്മാർ എന്തെല്ലാം ഏല്പിച്ചുവോ അതെല്ലാം അവരെ ഏല്പിച്ച് ബോധ്യപ്പെടുത്തിയാണ് വീടു വിട്ടത്.

1995 ൽ ജയിംസിന്റെ ഭവനത്തിലാണ് കൂടിവരവ് ആരംഭിച്ചത്. ദൈവകൃപയാൽ സഭ വളർന്നു. 1996 ൽ സ്റ്റ്യൂവാർഡ് അസോസിയേഷന്റെ പേരിൽ 8 സെന്റ് സ്ഥലം വാങ്ങി. ഹാൾ നിർമ്മിച്ചു. ഈ രണ്ട് ആവശ്യങ്ങളിലേക്ക് ജയിംസ് 2 ലക്ഷം രൂപാ നല്കിയിട്ടുണ്ട്.

സ്ഥലം വാങ്ങുവാൻ ഇടനില നിന്ന എരുമേലി സ്വദേശി ഷാജി (മൊബൈൽ: 9037625831) ഞങ്ങൾക്കൊപ്പം വാങ്ങിയ തന്റെ 30 സെന്റു സ്ഥലത്തിന്റെ വശത്തുകൂടി 12 അടി വീതിയിൽ സഭാഹാളിലേക്ക് വഴി ഉപയോഗിക്കുവാൻ അനുവാദം നല്കി. ആ വഴിയാണ് 1996 മുതൽ 2002 വരെയുള്ള 6 വർഷം ഉപയോഗിച്ചത്.

2002 ൽ ഷാജിയുടെ 30 സെന്റ് സ്ഥലം വിറ്റു. വാങ്ങിയവർ കമ്പിവേലി കെട്ടി. വഴി അടഞ്ഞു. 4 പ്ലോട്ടുകൾക്കായി 1/2 മീറ്റർ വീതം 2 മീറ്റർ പൊതുവഴിയായി നല്കും എന്ന ധാരണയിലായിരുന്നു ഇടപാട്. എരുമേലി ഹാളിലേക്കുള്ള 1/2 മീറ്റർ വീതിയിൽ വഴി നിലവിലുണ്ട്.

ഹാളിലേക്കുള്ള വഴി അടഞ്ഞപ്പോൾ സഭാഹോൾ മുതൽ റോഡുവരെ വസ്തു ഉള്ള എരുമേലി ദേവസ്വം ഹയർ സെക്കണ്ടറി സ്കൂൾ പ്രിൻസിപ്പൽ ആയിരുന്ന ഹരിദാസ് സാറിനെ കണ്ട് വസ്തുതകൾ ബോധ്യപ്പെടത്തി. തന്റെ ഔദാര്യം കൊണ്ടു 15 അടി വീതിയിൽ വഴി ലഭിച്ചു. 25000 രൂപാ കൊടുത്ത് കരാർ ഉടമ്പടി ചെയ്തത് ഞാനാണ്. 15 സെന്റ് സ്ഥലം 3.75 ലക്ഷത്തിനാണ് ധാരണ ആയത്. ആധാരം രജിസ്റ്റർ ചെയ്യുവാൻ നിൽക്കാതെ പിറ്റെ ദിവസം (ഞായർ) മുതൽ ഈ വസ്തുവിലൂടെയാണ് ദൈവമക്കൾ ആരാധനയ്ക്ക് പോയത്.

വഴിയുടെയും വസ്തുവിന്റെയും കാര്യം സാന്ദർഭികമായി ജയിംസുമായി സംസാരിക്കേണ്ടി വന്നപ്പോൾ "ആരാധനയ്ക്ക് പോകാൻ വഴി മതിയല്ലോ. ഞാൻ എന്റെ പേരിൽ സ്ഥലം വാങ്ങിക്കൊള്ളാം. ഒന്നര അടിയുടെ കൂടെ മൂന്ന് അടി കൂടി ചേർത്ത് വഴി തരാം. ബാക്കി സ്ഥലത്ത് ഞാൻ എന്തെങ്കിലും പണി നടത്തിക്കൊള്ളാം" എന്നു പറഞ്ഞു. അങ്ങനെ സമ്മതിച്ച് അദ്ദേഹത്തിന്റെ ഭാര്യയുടെ പേരിൽ ഹരിദാസ് സാറിനെക്കൊണ്ട് പ്രമാണം റജിസ്റ്റർ ചെയ്യിക്കുകയായിരുന്നു.

2002ൽ ജയിംസ് ഈ കാര്യത്തിന് മുന്നോട്ട് വരാതിരുന്നെങ്കിൽ ലോകമെങ്ങുമുള്ള വേർപെട്ട ദൈവജനം അവരുടെ ഒരു പൊതു ആവശ്യമായി കരുതി ഈ സ്ഥലത്തിന്റെ വില എരുമേലിയിലെ എളിയ വിശ്വാസികൾക്ക് നല്കുമായിരുന്നു. ഈ സ്ഥലം വഴിക്കായി ലഭിക്കുന്നതിന് ജയിംസിനെ സമീപിച്ചപ്പോൾ മുടക്കിയതിന്റെ ഇരട്ടി കൊടുക്കാമെന്നു പറഞ്ഞിട്ട് മനസ്സായില്ല എന്നു മാത്രമല്ല 22,5000 (ഇരുപത്തിരണ്ടര ലക്ഷം) രൂപാ തന്നാൽ തരാമെന്നും പറഞ്ഞിരിക്കയാണ്. എന്തു ചെയ്യാം?

മാധ്യമത്തിലൂടെ ആരോപണം വന്നപ്പോൾ, വാഗമണ്ണിൽ ലേബർ ഇൻഡ്യ ഇൻർനാഷണൽ സ്കൂളിന്റെ പ്രിൻസിപ്പലായി ഇപ്പോൾ ജോലി നോക്കുന്ന ഹരിദാസ് സാറിനെ ഡിസംബർ 18 ഞായർ വൈകുന്നേരം 5: 30 ന് റാന്നി സഭകളിലെ 7 സഹോദരന്മാരും ഞാനും കൂടി തന്റെ ഓഫീസിൽ ചെന്ന് കാണുകയുണ്ടായി. സുവി. റ്റി. റ്റി. തോമസ് കീക്കൊഴൂർ, ബ്രദർ. വി. എം. ജോർജ്ജകുട്ടി റാന്നി, ബ്രദർ. പി. പി. ഫിലിപ്പ് സീയോൻകുന്ന്, സുവി. കെ. വി. മാത്യു മണ്ണാരത്തറ, ബ്രദർ. കെ. റ്റി. തോമസ് മുക്കൂട്ടുതറ, സുവി. വർഗീസ് തോമസ് റാന്നി, ബ്രദർ. കെ. സി. രാജൻ എരുമേലി എന്നിവരായിരുന്നു സഹോദരന്മാർ.

അവരുടെ മുമ്പാകെ ഹരിദാസ് സാർ പറഞ്ഞത്.

1. ഞാൻ വസ്തു നല്കിയത് എരുമേലി ബ്രദറൺ ചർച്ചിന്റെ വഴിക്ക് വേണ്ടിയാണ്.

2. 6 വർഷം മുൻപ് വാങ്ങിയ വിലയ്ക്ക് തന്നെ വില്ക്കാൻ കാരണം ഒരു സമൂഹത്തിന്റെ ആരാധന മുടങ്ങരുത് എന്ന ചിന്തയിലാണ്.

3. നിരവധി പേർ ഈ സ്ഥലത്തിന് ആവശ്യക്കാരായി വന്നുവെങ്കിലും എന്റെ ആഗ്രഹം ചർച്ചിനു നല്കാനായിരുന്നു.

4. ഞാനും സി. റ്റി. ജോണിക്കുട്ടിയും നേരിട്ട് ഇടപെട്ടതുകൊണ്ട് ഇടനിലക്കാർ വഴി പണനഷ്ടം ഉണ്ടായില്ല.

5. ഇങ്ങനെ സംഭവിച്ചതിൽ എനിക്ക് വളരെ പ്രയാസം ഉണ്ട്

6. നിങ്ങൾ ചേർന്ന് അദ്ദേഹത്തിന് ഇരട്ടി തുക കൊടുത്താണെങ്കിലും ഈ വസ്തു തിരിച്ചു വാങ്ങി ചർച്ചിനു കൊടുക്കണം.

സി.റ്റി. ജോണിക്കുട്ടി അനധികൃതമായി വഴിവെട്ടി, ജോണിക്കുട്ടിയും സംഘവും കൽക്കെട്ടും വേലിക്കല്ലും പൊളിച്ചു എന്ന് ആരോപണം വായിച്ചു. ഇതേ ആരോപണം ഉന്നയിച്ച് ജയിംസ് എന്നെയും എരുമേലി സഭയിലെ 4 സഹോദരന്മാരെയും പ്രതി ചേർത്ത് കാഞ്ഞിരപ്പള്ളി മുൻസിഫ് കോടതിയിൽ കേസ് ഫയൽ ചെയ്തു. കേസ് നിലനിൽക്കുകയില്ലാ എന്ന് കണ്ടപ്പോൾ ഗത്യന്തരമില്ലാതെ അത് പിൻവലിച്ചു. രണ്ടര വർഷം വിശ്വാസികളെ കോടതി വരാന്തയിൽ നടത്തി അപമാനിച്ചത് മിച്ചം.

വാഗമണ്ണിൽനിന്നും മടങ്ങി വരുന്ന വഴി സഭാഹോളിലേക്ക് റോഡു വെട്ടാൻ കരാർ നല്കി എന്നു പറയുന്ന ജെ. സി. ബി. യുടെ ഉടമസ്ഥൻ പ്രഭാകരൻ പിള്ളയോടു (മൊബ. 9447011902) ഏഴംഗ സഹോദരന്മാർ സത്യാവസ്ഥ ചോദിച്ചറിഞ്ഞു. അദ്ദേഹം പറഞ്ഞത്.

1. ചർച്ചിലേക്ക് വഴി വെട്ടിയിട്ടില്ല, വഴി വെട്ടുകയായിരുന്നില്ല മണ്ണെടുക്കുക മാത്രമാണ് ചെയ്തത്.

2. മണ്ണെടുത്തു കൊടുത്തുകൊള്ളാൻ ജയിംസ് സൗദിയിൽനിന്നും ടെലിഫോണിലൂടെ അനുവദിച്ചതാണ്.

3. ജെ. സി. ബി. ഓപ്പറേറ്ററന്മാരും ടിപ്പർ ഓടിക്കുന്നവരും അല്ലാതെ ആരും അവിടെ കൂടിയില്ല

4. എന്നാൽ ജയിംസിന്റെ അനുജന്മാരും കൂടെ വന്ന ആളുകളും മണ്ണെടുക്കൽ തടഞ്ഞു. പോലിസിനെ കൊണ്ടുവന്നു. പിന്നീട് മണ്ണ് എടുത്തിട്ടില്ല. സത്യം ഇതാണെങ്കിൽ? ജോണിക്കുട്ടി വഴി വെട്ടിയോ?

എരുമേലിയിൽ പ്രതിസന്ധി നേരിട്ട 2008 മുതൽ ഇന്നയോളം ഞാനോ എരുമേലി സഭയോ ഈ വിഷയത്തിൽ ഒരു പരസ്യപ്രസ്താവന നടത്താൻ തയ്യാറായിട്ടില്ല. കാരണം റാന്നിയിലെ 22 സഭകളുടെ പ്രതിപുരുഷയോഗം ഈ വിഷയം ഏറ്റെടുക്കുകയും ഗൗരവമായി ചർച്ച ചെയ്യുകയും ഏഴംഗ സമിതി ഒത്തിരി പരിശ്രമങ്ങൾ നടത്തുകയും ചെയ്തിട്ടുണ്ട്. സഹോ. ജയിംസിനും താൻ ഉൾപ്പെട്ടു നിന്നിരുന്ന അൽക്കോബാർ സഭയ്ക്കും നിരവധി അഭ്യർത്ഥനകൾ പ്രതിപുരുഷയോഗം അയച്ചു. ജയിംസ് സഭയ്ക്ക് വഴങ്ങാതെ വന്നു. അദ്ദേഹം കാലപ്പഴക്കത്തിൽ അൽക്കോബാർ സഭയിൽനിന്നും പുറത്തുപോയി. ഇന്ന് പുതിയ സഭാകൂടിവരവ് സ്ഥാപിച്ച് അതിനു നേതൃത്വം നല്കുന്നു. എനിക്ക് എതിരെ നോട്ടീസ്, ബുക്ക്ലെറ്റ് മുഖേന ഒട്ടേറെ അപവാദ പ്രചരണങ്ങൾ പ്രസിദ്ധപ്പെടുത്തിക്കൊണ്ടിരിക്കുന്നു. സത്യം എന്താണെന്ന് റാന്നിയിലും പരിസരങ്ങളിലുമുള്ള ദൈവജനത്തിന് അറിയാമായിരുന്നു. ലോകം മുഴുവനുമുള്ള ബ്രദറൺകാരുടെ മുന്നിൽ എന്നെ അപമാനിക്കാനുള്ള ശ്രമമാണ് ഇപ്പോൾ നടക്കുന്നത്.

കേരളത്തിലും വെളിയിലും ശുശ്രൂഷ ചെയ്യുന്ന എനിക്കെതിരെ നടക്കുന്ന പ്രചരണം കണ്ട് ഒട്ടേറെ കൂട്ടുസഹോദരന്മാരുടെ നിർബന്ധം ഉണ്ടായതുകൊണ്ടാണ് സത്യം എഴുതേണ്ടി വന്നത്. ജയിംസ് മാധ്യമത്തിലൂടെ ചോദിച്ചാൽ മറുപടി പറയുവാൻ ഞാൻ ബാധ്യസ്ഥനല്ലെ? അതുകൊണ്ട് മാത്രം.

തുടർന്ന് ആരോപണങ്ങൾ വർദ്ധിച്ചേക്കാം. പക്ഷേ പ്രതികരണത്തിനില്ല. അത് ദൈവവഴിയാണെന്നും കരുതുന്നില്ല. ദൈവത്തിന്റെ കാര്യപരിപാടികൾക്കായി വിനയപൂർവ്വം പ്രാർത്ഥിക്കയും കാത്തിരിക്കയും ചെയ്യുന്നു. അവിടുത്തെ സമയം വരെ. എരുമേലിയിലെ പ്രവർത്തനങ്ങളെയും പ്രതിസന്ധികളെയും ദൈവമക്കൾ പ്രാർത്ഥനയിൽ ഓർത്താലും.

കർതൃശുശ്രൂഷയിൽ
**സി. റ്റി. ജോണിക്കുട്ടി**
എരുമേലി, 9447601955



300 രുപാ പ്രതിമാസ വാടക ലഭിക്കുന്ന മോട്ടോർ വർക്ക്ഷോപ്പ്. ആരാധനാലയത്തിലേക്കുള്ള വഴി തടഞ്ഞു സ്ഥാപിച്ചിരിക്കുന്നു.

## കുറിപ്പ്

എരുമേലി സഭാഹാളിലേക്കുള്ള വഴിയും അറിയേണ്ട ചില സത്യങ്ങളും എന്ന തലക്കെട്ടിൽ സുവി. സി.റ്റി. ജോണിക്കുട്ടി നൽകിയ അറിയിപ്പ് പ്രസിദ്ധീകരിക്കുന്നത് മൂന്നരവർഷമായി പരിഹരിക്കപ്പെടാതെ കിടക്കുന്ന വഴി വിഷയം യോഗ്യമായ നിലയിൽ ദൈവജത്തിന്റെ മാന്യതയ്ക്ക് ഒത്ത് പരിഹരിക്കപ്പെടേണ്ടതിനാണ്.

പ്രസ്താവനയും മറുപടിയുമല്ല ആവശ്യം. പരിഹാരമാണ്. നിങ്ങളുടെ ഇടയിൽ കാര്യം തീർപ്പാൻ ജ്ഞാനിയായ ഒരാൾ ഇല്ലയോ? വ്യക്തിപരമായ പ്രശ്നങ്ങൾക്ക് ഒരു സഭയെ പ്രതിസ്ഥിയിലാക്കുന്നത് ന്യായമോ? എത്രയും വേഗം ഈ പ്രശ്നത്തിന് രമ്യമായ പരിഹാരം ഉണ്ടാകണം ദൈവത്തിന്റെ മന്ദിരം നശിപ്പിക്കരുത് എന്നത് വിസ്മരിക്കരുത്.

**എം.വി. ബാബു**
ചീഫ് എഡിറ്റർ

## അനീഷ് ജേക്കബ് നിത്യതയിൽ പ്രവേശിച്ചു



**പുത്തൻകാവ് :** ചെങ്ങന്നൂർ പുത്തൻകാവു സഭാംഗമായിരുന്ന ഇടശേരിമല മോടിയിൽ ചാക്കോ ഫിലിപ്പിന്റെ മകൻ അനീഷ് തോമസ് ജേക്കബ് (42) ഡിസം. 6ന് താൻ പ്രിയം വച്ച കർത്തൃസന്നിധിയിൽ ചേർക്കപ്പെട്ടു. ഏഴു വർഷത്തിലധികമായി ശ്വാസകോശത്തിൽ ബാധിച്ച അർബുദ ചികിത്സയിൽ കഴിയുകയായിരുന്നു. ദൈവം നീട്ടികൊടുത്ത ഏഴുവർഷവും ദൈവത്തിന്റെ അളവറ്റ കൃപ അനുഭവിപ്പാനും അനേകർക്ക് ആത്മീക ഉണർവിനും ഉത്സാഹത്തിനും കാരണമാവുകയും ചെയ്തു. ബാല്യത്തിൽ തന്നെ യേശുകർത്താവിനെ രക്ഷിതാവായി കണ്ടെത്തുവാൻ അനീഷിന് ഭാഗ്യം ലഭിച്ചു.

ദുബായിലെ അനാർക്കോ കമ്പനിയിൽ ജോലിയിൽ ഇരിക്കുമ്പോൾ ദുബായ് ബ്രദറൺ സഭയിലെ ആത്മീക ശുശ്രൂഷകളിൽ അതീവ തല്പരനായിരുന്നു. എത്രകാലം ജീവിച്ചു എന്നതിനെക്കാൾ ജീവിതത്തെ വിലയുള്ളതാക്കി മാറ്റുവാൻ തന്റെ ആത്മീക ജീവിതം കൊണ്ട് തനിക്ക് സാധിച്ചു. ദാവീദിനെക്കുറിച്ച് ദൈവവചനം പറയുന്നതുപോലെ ദൈവത്തിന്റെ ആലോചനയ്ക്ക് ശുശ്രൂഷ ചെയ്ത് അനന്തമായ സൗഭാഗ്യത്തിലേക്ക് പ്രവേശിച്ചു. തന്നെ സ്നേഹിച്ചിരുന്ന അനേക പ്രിയപ്പെട്ടവരുടെ സാന്നിദ്ധ്യത്തിൽ ഡിസംബർ 9 ന് പുത്തൻകാവ് ബ്രദറൺ സഭാ സെമിത്തേരിയിൽ ഭൗതിക ശരീരം സംസ്കരിച്ചു.

ഭാര്യ: ബ്ലസി മഴുക്കീർ ചന്ദനപ്പള്ളിൽ കെ.എം. മാമ്മന്റെ മകളാണ്. ഏകമകൻ ജായിറസ് ദുബായിൽ നാലാം ക്ലാസ് വിദ്യാർത്ഥിയാണ്.

---

# ഡാളസിൽ ഇങ്ങനെയും ഒരു സഭ

**ഡാ**ളസിൽ ഒരു പുതിയ ബ്രദറൺ സഭകൂടി ആവിർഭവിച്ചു. ഇന്റർനെറ്റിൽ ഏറെ പ്രചാരം നൽകുന്നതുകൊണ്ട് വാർത്താപ്രാധാന്യം ഏറുന്നു. അതോടൊപ്പം ഡാളസ് വൈ.എം.ഇ.എഫ്. ആശങ്കയിൽ ആകുകയും ചെയ്യുന്നു. സ്പിരിചൽ ഡൈജസ്റ്റിന്റെ തലതൊട്ടപ്പനാണ് പുതിയ സഭ തട്ടിക്കൂട്ടിയിരിക്കുന്നത്. പുതിയ വിശ്വാസികളുടെ പെരുപ്പംകൊണ്ടല്ല സഭ സ്ഥാപിതമായിരിക്കുന്നത്. നോർത്ത് ഡാളസ് ബൈബിൾ ചാപ്പലിൽ ചില കുടുംബങ്ങളെ അടർത്തിമാറ്റിയാണ് ഈ പുതിയ സംരംഭം ഒരുക്കിയിരിക്കുന്നത്.

ഡാളസിൽ നിന്നും അമേരിക്കയിലേക്ക് കുടിയേറിയ സ്പിരിചൽ ഡൈജസ്റ്റിന്റെ ഇൻഡൈജഷനാണ് ഈ പുതിയ കൂടിവരവ് ഒരുക്കിയിരിക്കുന്നത്. സ്വന്തമായി ഒരു സഭയും താൻ അതിന്റെ നേതാവ് ആയിരിക്കുക എന്ന സ്വപ്നവുമാണ് ഈ തട്ടിക്കൂട്ടൽ. ഈ നേതാവ് അമേരിക്കയിലുള്ള നിരവധി സഭകൾ സന്ദർശിച്ച് എവിടെ എങ്കിലും തനിക്ക് ചേക്കേറി ഈ വിഘടനം ഉണ്ടാക്കാം എന്ന ഒരു പഠനം നടത്തിയശേഷമാണ് ബഥേസ്ഥാ ബൈബിൾ ചാപ്പലിൽ കടന്നുകൂടുന്നത്.

അവിടെ നിന്ന് കുടുംബങ്ങളെ അടർത്തി എടുക്കുവാൻ സാധിക്കുകയില്ല എന്നു മനസ്സിലായപ്പോൾ നോർത്ത് ഡാളസ് ബൈബിൾ ചാപ്പലിലേക്ക് ചേക്കേറുകയായിരുന്നു. സുവിശേഷീകരണത്തിന്റെ പേരിൽ ഒരു യുവജന സംഘടന രൂപംകൊള്ളുകയും സ്വയം പ്രസിഡന്റാവുകയും ചെയ്തു. നോർത്ത് ഡാളസ് സഭയിൽ ഹാർദവമായ സ്വീകരണവും ശുശ്രൂഷയും ലഭിച്ചെങ്കിലും താൻ അതിൽ തൃപ്തനല്ലായിരുന്നു. തന്റെ ലക്ഷ്യം സാധിക്കുവാനുള്ള നീക്കങ്ങൾ രഹസ്യമായി ആരംഭിച്ചു. ആത്മീകതയുടെ പേരിലാണ് ഈ ആശയം വില്ക്കുവാൻ ശ്രമിക്കുന്നത്. നിലവിലുള്ള നേതൃത്വം ആത്മീകരല്ലായെന്ന് സഭയിലുള്ള യുവനിരയോട് അറിയിച്ച് അവരെ സ്വാധീനിക്കുകയാണ് നയം. ഏത് സഭയിലും അസംതൃപ്തരായ ഒരുകൂട്ടർ കാണും. അവരെ വശത്താക്കുക എന്ന അംബ്സലോം മിനിസ്ട്രി ചെയ്ത് ഇക്കൂട്ടരെ പ്രത്യേകം കണ്ട് ആവശ്യമായ പ്രോത്സാഹനം നൽകുക, കൂടുതൽ സൗഹൃദവും കൂട്ടായ്മയും കാണിക്കുക, വിനോദയാത്രകൾ ക്രമീകരിച്ച് വിരുന്നു നൽകി അങ്ങനെയുള്ള കുടുംബങ്ങളെ സ്വാധീനിക്കുക, ഇതാണ് പതിവ് ശൈലി. വൈ.എം.ഇ.എഫിലുള്ള ഞങ്ങൾ ഒരു ചതിയിൽ പെട്ടിരിക്കുകയാണ്. നിലവിൽ കൂടുന്ന സഭയെ അറിയിക്കാതെ അതീവരഹസ്യമായാണ് താൻ പദ്ധതികൾക്ക് രൂപം നൽകുന്നത്. ഒടുവിൽ സ്വാധീനിച്ച് കിട്ടിയ കുടുംബങ്ങളുമായി മാറിക്കൂടി അതിന്റെ നേതൃത്വത്തിലേക്ക് തന്നെത്താൻ ഉയർത്തിയിരിക്കുകയാണ്.

ഈ ചതിയിൽ വീഴാതിരിക്കാൻ ഡാളസിലെ ബ്രദറൺ സഭകൾ ജാഗ്രത പുലർത്തേണ്ടതാണ്.

---

# മഹത്വത്തിൽ



**യു.എസ്.എ:** കർത്താവിൽ പ്രസിദ്ധനും വേദവ്യാഖ്യാതാവുമായ കർത്തൃദാസൻ ഡാനിയേൽ കുഞ്ഞുമ്മൻ കർത്തൃസന്നിധിയിൽ പ്രവേശിച്ചു. സുവിശേഷരണാങ്കണത്തിൽ അനേകർക്ക് സഹായകനായി പ്രവർത്തിച്ചിട്ടുണ്ട്. സംസ്കാരം ഡിസംബർ 17 ന് മിനിയാപൊലീസിൽ നടത്തി. ഭാര്യ: കല്ലിശ്ശേരി ചെറുവള്ളേത്ത് പരേതനായ അവറാച്ചൻ ഉപദേശിയുടെ മകൾ കുഞ്ഞമ്മ, മക്കൾ: ബാബു കുഞ്ഞുമ്മൻ, രാജു കുഞ്ഞുമ്മൻ, ഡോ. ബിജു കുഞ്ഞുമ്മൻ, ലൂസി, ലിസി, ലീല.



**പുറമറ്റം :** മുണ്ടമല ചുമത്രവേലിൽ എലിമുള്ളിൻ പുത്തൻപുരയ്ക്കൽ പി. എം. ജോർജ്ജ് (റിട്ട. കോഫി ബോർഡ് ഇൻസ്പെക്ടർ – 89) നിത്യതയിൽ പ്രവേശിച്ചു. കവുങ്ങുംപ്രയാർ ബ്രദറൺ സഭാ സെമിത്തേരിയിൽ സംസ്കരിച്ചു. ഭാര്യ പരേതയായ പൊന്നമ്മ കുമ്പനാട്ട് കുടുംബാംഗമാണ്. മക്കൾ : മോളി, ആനി, സാലി, മാത്തുക്കുട്ടി മരുമക്കൾ : ജോയി (ചെന്നൈ), ജോയി (മിനിയാപൊലീസ്) വാവച്ചൻ, സൂസൻ.



**പുക്കാട്ടുപടി :** മാടപ്പള്ളി ജോസ് (61) മഹത്വത്തിൽ പ്രവേശിച്ചു. വസതിയിലെ ശുശ്രൂഷയ്ക്കു ശേഷം തെങ്ങോട് ബ്രദറൺ സഭാ സെമിത്തേരിയിൽ സംസ്കരിച്ചു. ഭാര്യ : ബെറ്റി, മക്കൾ : ഉണ്ണി, ജെയ്മോൾ, കുഞ്ഞുമോൾ മരുമക്കൾ : വിൽസൺ, റിയ, സാം രാജ്

**പുൽപ്പള്ളി:** താഴയങ്ങാടി ബ്രദറൺ ഗോസ്പൽ ചർച്ചിന്റെ ആഭിമുഖ്യത്തിൽ 2011 ഡിസം. 15–18 വരെ നടന്ന വിവിധ ശുശ്രൂഷകളിൽ കർത്തൃദാസൻ എസ്. സഞ്ജീവി കൂത്താട്ടുകുളം ശുശ്രൂഷകൾ നിർവ്വഹിച്ചു. ആദിവാസികളിൽ നിന്നും മുമ്പോട്ട് വന്നിരിക്കുന്ന പുതിയ വിശ്വാസികൾക്ക് വളരെ അനുഗ്രഹകരമായിരുന്നു. പ്രവർത്തനങ്ങൾ തുടർന്നുകൊണ്ടിരിക്കുന്നു. പ്രാർത്ഥനയിൽ ഓർത്താലും. സഭയ്ക്കുവേണ്ടി, ബാലകൃഷ്ണൻ, രാജു

അന്ത്യകാലത്ത് ദുർഘടസമയങ്ങൾ വരും മനുഷ്യർ സ്വസ്നേഹികളും വമ്പുപറയുന്നവരും ആകും. അന്തിക്രിസ്തുവിന്റെ വ്യാപാരശക്തി. അല്ലാതെ എന്തു പറയും....

ഡാളസ്. വൈ.എം.ഇ.എഫ്. അനുഭാവികൾ



**കോയമ്പത്തൂർ :** ഗാന്ധിപുരം ബ്രദറൺ സഭയുടെ സുവിശേഷകൻ ജയലാൽ തോമസ് (60) 21–12–2011–ൽ താൻ പ്രിയം വച്ച കർത്താവിന്റെ സന്നിധിയിൽ ചേർക്കപ്പെട്ടു. തിരുവനന്തപുരം, നെടുമങ്ങാട് സുവിശേഷകൻ വി. ജെ. തോമസിന്റെയും റോസ്‌ലി ടീച്ചറിന്റെയും ഒൻപതു മക്കളിൽ ഏഴാമനായിരുന്നു ജയലാൽ തോമസ്. മുപ്പത്തി അഞ്ച് വർഷമായി ഒരു നല്ല വേദ അദ്ധ്യാപകനായി പ്രവർത്തിക്കുവാൻ തനിക്കു കഴിഞ്ഞു.

ഭാര്യ ലിസി കർതൃസന്നിധിയിൽ ചേർക്കപ്പെട്ട സുവി.കെ.ജി. കുര്യന്റെ ഏറ്റവും ഇളയ മകളാണ്. ഏകമകൾ ടീന മരുമകൻ സാം. കൊച്ചുമകൻ ഏഥൻ. 23–ാം തീയതി കോയമ്പത്തൂർ ഏബൻ ഏസർ ബ്രദറൺ സഭയിൽ വെച്ചു സംസ്കാര ശുശ്രൂഷ നിർവ്വഹിച്ചു.



**കുമളി :** കുമളി ബ്രദറൺ സഭാമൂപ്പനും തിരുവല്ലാ കുന്നംപള്ളിപറമ്പിൽ കെ. വി. മത്തായി (മത്തായി സാർ 80) കർത്തൃസന്നിധി ചേർക്കപ്പെട്ടു. 2011 ഡിസംബർ 14ന് കുമളി ബ്രദറൺ സഭാ സെമിത്തേരിയിൽ അനേക ദൈവജനത്തിന്റെയും വിവിധ രാഷ്ട്രീയ സാമൂഹ്യ–സംഘടനാപ്രവർത്തകരുടെയും സാന്നിദ്ധ്യത്തിൽ സംസ്കരിച്ചു. ഭാര്യ : ഏലിയാമ്മ (റിട്ട. ടീച്ചർ). മക്കൾ മേഴ്സി, സനൽ, മിനി, റീന, ലവിൻ മരുമക്കൾ : ജോസഫ് ജോൺ, ബ്ലെസി, ജോർജി കുരുവിള, ബാബു തോമസ്.



**പാറത്തോട് :** പരേതനായ എഴുമാലിൽ മട്ടക്കൽ എം. സി. സാമുവലിന്റെയും മറിയാമ്മ സാമുവലിന്റെയും മകൻ എം. എസ്. ജോസ് (66) കർതൃസന്നിധി ചേർക്കപ്പെട്ടു. 27–12–2011 ന് പാറത്തോട്ടിലുള്ള വസതിയിലും കോയിപ്രം സഭയിലുമുള്ള ശുശ്രൂഷയ്ക്കു ശേഷം, കോയിപ്രം സഭാ സെമിത്തേരിയിൽ ഒരു മണിക്ക് സംസ്ക്കരിച്ചു. ഭാര്യ പൊന്നമ്മ പാറത്തോട് വടക്കനാത്ത് കുടുംബാംഗമാണ്. മക്കൾ : സാം ജോസ്, മേരി ജോസ് മരുമക്കൾ : ബോണി.



**കുറിയന്നൂർ :** താന്നിക്കപ്പുറത്തൂട്ട് പരേതനായ ടി. സി. മാത്യുവിന്റെ (കുഞ്ഞൂഞ്ഞ്) ഭാര്യ തങ്കമ്മ മാത്യു (86) നിത്യതയിൽ ചേർക്കപ്പെട്ടു. 17–12–2011 ശനി 12ന്, കുറിയന്നൂർ ബ്രദറൺ സഭാ സെമിത്തേരിയിൽ സംസ്കരിച്ചു.

Reg. No. E. 3884/05/K.Div. Licence to post Registered News paper without pre-payment.Licence No.KL/TLA/WPP/128/2011-13
Postal Reg.No.KL/TLA/208/2011-13

niyogam
BRETHREN VARTHA PATHRIKA
2012 ജനുവരി 5

# മുല്ലപ്പെരിയാർ സഹന സമരത്തിന് ഐക്യദാർഢ്യം



**ഇടുക്കി:** ചപ്പാത്തിൽ 1869 ദിവസമായി നടന്നു വരുന്ന സത്യാഗ്രഹ സമരത്തിന് ഹൈറേഞ്ചിലെ വിവിധ സഭകളിലുള്ള സുവിശേഷകന്മാർ ഐക്യദാർഢ്യം പ്രഖ്യാപിക്കുകയുണ്ടായി. സുവിശേ ഷകന്മാരായ വി. എം. പോൾ, എം. കെ. ജയിംസ്, എം. കെ. സണ്ണി, ഷാജഹാൻ വി. ഹസ്സൻ, കെ. എസ്സ്. ഗോപാലകൃഷ്ണൻ, ഇ.എസ്. റെജി, വിൻസന്റ് ദേവസ്യ, സജുജോൺ കാലേബ്, സജീവൻ, പി. ഡി. വർഗ്ഗീസ്, ജോബിൻ, ലാലു വി. ഏബ്രഹാം, അജി. സി. ഫിലിപ്പ് എന്നിവർ പങ്കെടുത്തു. സമരപ്പന്തലിൽ കർത്തൃദാസൻ എം. വി. ബാബു കല്ലിശ്ശേരി സഹനസമരത്തിന് ഐക്യദാർഢ്യം പ്രഖ്യാപിച്ച് സംസാരിക്കുകയുണ്ടായി. ഇത് ഒരു വംശീയ പ്രശ്നം അല്ലയെന്നും ഇരു സംസ്ഥാനങ്ങളും സമാധാനപരമായി പ്രശ്നം ഒത്തു തീർക്കണമെന്നും ദൈവാശ്രയവും പ്രാർത്ഥനയുമാണ് ആത്യന്തിക പരിഹാരം എന്നും തന്റെ സന്ദേശത്തിൽ എടുത്തു പറഞ്ഞു.

## സുവി. കെ.ജി.കുര്യന്റെ ജീവചരിത്രം പ്രകാശനം കോട്ടയത്ത്

**തിരുവല്ല :** സത്യം പബ്ലിക്കേഷൻസ് പ്രസിദ്ധീകരിക്കുന്ന സുവി. കെ.ജി. കുര്യൻ ജീവചരിത്രം (ത്യാഗോജ്വലമായ വിശ്വാസ ജീവിതം) പ്രകാശനം 2012 ജനുവരി 8ന് കോട്ടയം ദർശന കൾച്ചറൽ സെന്ററിൽ വെച്ചു നടക്കും. ഡോ. ഒ.എം. സാമുവേലിന്റെ അദ്ധ്യക്ഷതയിൽ ചേരുന്ന പ്രകാശന ചടങ്ങിൽ സുവി. എം.എം. സഖറിയാ പ്രകാശനം നിർവ്വഹിക്കും. ഡോ. സി. വി. വടവന, സുവി. ഡോ. അലക്സാണ്ടർ കുര്യൻ എന്നിവർ പ്രസംഗിക്കും. ഈ സമ്മേളനത്തിലേക്ക് ഏവരേയും പ്രത്യേകം ക്ഷണിക്കുന്നു.

ബ്രദറൺ അസംബ്ലിയോടുള്ള കൂട്ടായ്മയിൽ 50 വർഷങ്ങൾ പ്രവർത്തിച്ച സുവി. കെ.ജി. കുര്യന്റെ ജീവചരിത്ര ഗ്രന്ഥം നമ്മുടെ ജീവിതത്തെയും സുവിശേഷ പ്രവർത്തനങ്ങളെയും പുനർവിചിന്തനം ചെയ്യുന്നതിനുള്ള നാഴിക കല്ലാണ്.

ഡോ. സി. വി. വടവന, സുവി. പി.എം. ഏബ്രഹാം, സുവി. ഇ.എസ്. റെജി എന്നിവരുടെ നേതൃത്വത്തിലുള്ള എഡിറ്റോറിയൽ ബോർഡാണ് ഈ ഗ്രന്ഥം പുറത്തിറക്കുവാൻ പ്രയത്നിച്ചത്. ഈ ജീവചരിത്ര ഗ്രന്ഥം താഴെ പറയുന്ന വിലാസത്തിൽ ലഭിക്കും. Sathyam Publications,

Thottabhagom P.O., Thiruvalla - 689 541, Kerala, India,
Mob: 9447126182

## നൈജീരിയായിൽ പള്ളി തകർക്കപ്പെട്ടു.



നൈജീരിയായിൽ മദല്ലയിലുള്ള പള്ളി ബോംബു സ്പോടനത്തിൽ തകർക്കപ്പെട്ടു. നാൽപതോളം പേർ കൊല്ലപ്പെട്ടതായും അൻപത് പേർക്ക് പരിക്ക് പറ്റിയതായും കണക്കാക്കുന്നു. സമീപവീടുകൾക്കും കേടുപാടുകൾ ഉണ്ടായി.

## റേഡിയോ മന്ന

**ഇപ്പോൾ നിങ്ങളുടെ മൊബൈലിലും.** ഗാനങ്ങൾ, സന്ദേശങ്ങൾ, ചർച്ചകൾ തുടങ്ങിയ ആത്മീക ശുശ്രൂഷകൾ ഉൾക്കൊള്ളിച്ചുകൊണ്ട് റേഡിയോ മന്ന എന്ന ആത്മീക ശുശ്രൂഷ വിശ്വാസികൾക്ക് ആത്മീക അനുഗ്രഹകമായി കൊണ്ടിരിക്കുന്നു. ഇന്റർ നെറ്റ് കണക്ഷനുള്ള മൊബൈലിൽ ഇത് 24 മണിക്കൂറും ലഭ്യമാണ്. നിങ്ങളുടെ വിശ്രമവേളകളും യാത്രാവേളകളും ആനന്ദപ്രദമാക്കുവാനും ആത്മീക സാഹചര്യം സൃഷ്ടിക്കുവാനും ഇത് ഉപകരിക്കും. ഇന്റർനെറ്റ് റേഡിയോ തുറന്നതിനുശേഷം ഭാഷ തെരഞ്ഞെടുത്ത് റേഡിയോ മന്നാ എന്ന് സേർച്ച് ചെയ്താൽ മലയാളം, തമിഴ്, ഹിന്ദി എന്നീ ഭാഷകളിൽ ഇവ ലഭ്യമാകും. www.radiomanna.in എന്ന വെബ്സൈറ്റിലും ഇവ ലഭ്യമാണ്.

## സത്യം മിനിസ്ട്രീസ് വീൽചെയർ വിതരണം ചെയ്തു

**തിരുവല്ല :** കഴിഞ്ഞ നിരവധി വർഷങ്ങളായി ഇന്ത്യയിലെ ആയിരക്കണക്കിന് വികലാംഗരായ ആളുകൾക്ക് പ്രതീക്ഷ നൽകിക്കൊണ്ട് നൽകുന്ന വീൽ ചെയർ വിതരണം ഈ വർഷവും സത്യകൂടാരത്തിൽ നിർവ്വഹിക്കപ്പെട്ടു.

2012 ഡിസംബറിൽ കൂടിയ പ്രത്യേക മീറ്റിംഗിൽ വീൽചെയർ മിഷൻ USA യുടെ ചെയർമാൻ ജയിംസ് ഫ്രാങ്ക്ളിൻ വിതരണം ഉദ്ഘാടനം ചെയ്തു. റവ. സണ്ണി ഏബ്രഹാമിന്റെ പ്രാർത്ഥനയോടെ ആരംഭിച്ച യോഗത്തിൽ ഡോ. സി. വി. വടവന അദ്ധ്യക്ഷനായിരുന്നു. ബിഷപ്പ് ഡോ. ക്രിസോസ്റ്റം ബിഷപ്പ് ഗീവർഗീസ് മാർ തിമോഥെയോസ് തുടങ്ങിയവർ അനുഗ്രഹ പ്രഭാഷണങ്ങൾ നടത്തി. പാസ്റ്റർ വർഗ്ഗീസ് മത്തായി തുടങ്ങിയവർ ആശംസകൾ അർപ്പിച്ചു. ഇവാ. E.S. റജി, വിൽസൺ തുടങ്ങിയവർ വിവിധ ശുശ്രൂഷകൾ നിർവ്വഹിച്ചു.

## ബിരുദദാന സമ്മേളനവും ബൈബിൾ പ്രഭാഷണവും

**പത്തനംതിട്ട:** ബ്രദറൺ ബൈബിൾ ഇൻസ്റ്റിറ്റ്യൂട്ടിന്റെ ബി.റ്റി.എച്ച്. 14–ാം ബാച്ചിന്റെയും എം.റ്റി.എച്ച്. 3–ാം ബാച്ചിന്റെയും ബിരുദദാന സമ്മേളനം ദൈവഹിതമായാൽ 2012 ഫെബ്രുവരി 18–ാം തീയതി ശനിയാഴ്ച രാവിലെ 10 മണിക്ക് ഇലന്തൂർ പരിയാരത്തുള്ള ബി.ബി.ഐ. ഓഡിറ്റോറിയത്തിൽ ഡോ. ഒ.എം. ശമുവേലിന്റെ അദ്ധ്യക്ഷതയിൽ നടക്കും.

ഫെബ്രുവരി 16 വ്യാഴം, 17 വെള്ളി എന്നീ ദിവസങ്ങളിൽ വൈകിട്ട് 6 മുതൽ 8.00 വരെ ബി.ബി.ഐ. ഓഡിറ്റോറിയത്തിൽ (ഇലന്തൂർ പരിയാരം) വിശ്വാസികൾക്കായി ക്രമീകരിച്ചിരിക്കുന്ന പ്രത്യേക യോഗങ്ങളിലേയ്ക്കും ഏവരെയും സ്വാഗതം ചെയ്യുന്നു. ബ്രദർ കെ. എ. മാത്യു (Principal, Stewards Bible College, Chennai) ഈ യോഗങ്ങളിലെല്ലാം വചനശുശ്രൂഷ നിർവ്വഹിക്കും.

**എം.റ്റി. ജോർജ്ജ്, സെക്രട്ടറി**

## ഇലഞ്ഞിയിൽ സുവിശേഷ പ്രവർത്തനം

**ഇലഞ്ഞി:** കഴിഞ്ഞ നാലുവർഷങ്ങളായി എറണാകുളം ജില്ലയുടെ അതിർത്തിയായ ഇലഞ്ഞിയിൽ പ്രവർത്തനങ്ങൾ നടന്നുവരുന്നു. അനേകർ സുവിശേഷം കേൾക്കുവാനും ചിലർ കർത്താവിനെ അംഗീകരിപ്പാനുമിടയായിട്ടുണ്ട്. കഴിവതും മുടങ്ങാതെ തുടർന്നു വരുന്ന പ്രവർത്തനങ്ങളിൽ 8 സഹോദരന്മാർ പങ്കെടുക്കുന്നു. ഭവന സന്ദർശനം, പരസ്യയോഗങ്ങൾ ഇവ പ്രധാന പരിപാടികളാണ്. ഇപ്പോൾ സുവിശേഷ വിരോധികളിൽ നിന്നുള്ള എതിർപ്പുകൾ ധാരാളം ഉണ്ട്. ചിലർക്ക് ഉപദ്രവങ്ങളോ ചോദ്യം ചെയ്യലുകളോ അനുഭവിക്കേണ്ടി വന്നിട്ടുണ്ട്. സുവി. റ്റി.സി. ബിജുമോൻ (ബെന്നി) ഇവിടുത്തെ പ്രവർത്തനങ്ങൾക്ക് നേതൃത്വം കൊടുക്കുന്നു. സഹോദരന്റെ വിലാസം: റ്റി.സി. ബിജുമോൻ, പുൽപ്രയിൽ, മോനിപ്പള്ളി പി.ഒ., ചീങ്കല്ലേൽ, കോട്ടയം – 686636.

## പ്രീ–ടീൻസ് ക്യാമ്പ് :

**തിരുവല്ല :** 2011 ഡിസംബർ 25 മുതൽ 29 വ്യാഴം വരെ ടി.എം.എം. നഴ്സിങ്ങ് കോളേജ് ക്യാമ്പസിൽ പ്രാദേശിക ബ്രദറൺ സഭകളുടെ സഹകരണത്തിൽ പ്രീ-ടീൻസ് ക്യാമ്പ് നടന്നു. ബിബിൻ ബാബു ഏബ്രഹാം ജേക്കബ്, കെ. തോമസ് മാത്യു, ഡോ. ജെയ്സൺ ജേക്കബ്, സ്റ്റാൻലി ജോൺസ്, ഏ.ആർ. പീറ്റർ തുടങ്ങിയവർ ക്ലാസുകൾ എടുത്തു.

## ജോർജ്ജ് മാത്യുവിന് ഹിന്ദ്രത്തൻ അവാർഡ്



**ടൊറന്റൊ, കാനഡ :** അമേകാൻ ഇൻകോർപ്പറേറ്റ് പ്രസിഡന്റായ ജോർജ്ജ് മാത്യു മികച്ച സാമൂഹിക സേവനം, ആത്മാർത്ഥത, സാഹോദര്യം, സ്നേഹം ഇവ അടിസ്ഥാനമാക്കി ഏർപ്പെടുത്തിയിരിക്കുന്ന 2012 –ലെ ഹിന്ദ് രത്തൻ അവാർഡിന് അർഹനായിരിക്കുന്നു. ബ്രദർ ജോർജ്ജ് മാത്യു ലോക ബ്രദറൺ മലയാളികൾക്ക് സുപരിചിതനും ഫിബാ കോൺഫ്രൻസ് മുൻ പ്രസിഡന്റും ബഥനി ചാപ്പൽ ടൊറൊന്റൊയിലെ എൽഡറുമാണ്. തന്റെ അസാധാരണ വൈദഗ്ദ്ധ്യവും ലളിതമായ വ്യക്തിത്വവുമാണ് അപൂർവ്വമായി ലഭിക്കുന്ന ഈ അവാർഡിന് അർഹനായത്. സൗദി അറേബ്യയിലും കാനഡയിലുമുള്ള സാമൂഹിക സേവനം അവാർഡ് ലഭിക്കുവാൻ മറ്റൊരു കാരണമായിരുന്നു. 2012 ജനുവരി 26 ന് റിപ്പബ്ലിക്ക് ദിനത്തോടനുബന്ധിച്ച് അവാർഡ് വിതരണം ചെയ്യുന്നു.

Printed, Published and owned by M.V.Babu, Mulampallil, Kallissery P.O.-689124. Printed at Puthethu Offset Kallissery, Published at Kallissery, Design: rajeshprasadam@gmail.com